
SYRO-MALABAR VISION
AN OFFICIAL NEWS LETTER OF SYRO-MALABAR CHURCH

# സീറോമലബാർ വിഷൻ

ഏപ്രിൽ 2021 | പുസ്തകം 01 | ലക്കം 03 | സീറോമലബാർ സഭയുടെ ഔദ്യോഗിക വാർത്താപത്രം

## മെഡിക്കൽ ഓക്സിജൻ അടിസ്ഥാന മനുഷ്യാവകാശമായി കണക്കാക്കണം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി



കാക്കനാട്: മെഡിക്കൽ ഓക്സിജന്റെ ലഭ്യത അടിസ്ഥാന മനുഷ്യാവകാശമായി കണക്കാക്കണമെന്നും രാജ്യത്തെ ആശുപത്രികളിലും ആരോഗ്യപരിപാലനകേന്ദ്രങ്ങളിലും മരണവുമായി മല്ലടിക്കുന്നവരുടെ ജീവൻ നിലനിർത്താൻ അത് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും ഉടൻ സ്വീകരിക്കണമെന്നും സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പും കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിഡണ്ടും കേരള ഇന്റർചർച്ചു കൗൺസിൽ ചെയർമാനുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി കേന്ദ്ര സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിച്ചു.



കോവിഡ് 19 ന്റെ വ്യാപനത്തോടെ മെഡിക്കൽ ഓക്സിജന്റെ വലിയ അഭാവമുള്ളതിനാൽ ജനങ്ങളുടെ ജീവിതം അങ്ങേയറ്റം അപകടത്തിലാണ്. അതിനാൽ ഈ ഘട്ടത്തിൽ മെഡിക്കൽ ഓക്സിജനു ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയെപ്പോലെ പ്രാധാന്യം നൽകണം. വിവിധ വാണിജ്യ ഏജൻസികൾക്ക് ലാഭകച്ചവടത്തിനായി വിട്ടുകൊടുക്കാവുന്ന ഒരു വിൽപ്പനചരക്കായി മെഡിക്കൽ ഓക്സിജനെ സർക്കാർ കാണരുത്. അമിതവില കാരണം ഓപ്പൺ മാർക്കറ്റിൽ നിന്ന് മെഡിക്കൽ ഓക്സിജൻ വാങ്ങാൻ കഴിയാത്ത ധാരാളം ആളുകൾ നമ്മുടെ നാട്ടിൽ ഉണ്ട്. നമ്മുടെ രാജ്യത്തെ ഈ നിർണായക പ്രതിസന്ധി ഘട്ടത്തിൽ മെഡിക്കൽ ഓക്സിജന്റെ ലഭ്യത ഒരു അടിസ്ഥാന ആവശ്യമായി കണക്കാക്കി ആവശ്യമുള്ള എല്ലാ ആളുകൾക്കും സൗജന്യമായി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നു കർദിനാൾ അഭിപ്രായപ്പെട്ടു.

രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഓക്സിജൻ പ്രതിസന്ധി നേരിടുന്ന ഈ സമയത്ത്, ആവശ്യക്കാർക്കു ഓക്സിജൻ ലഭ്യമാക്കുന്നതിനു തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തി സർക്കാരുകൾ ഉണർന്നു പ്രവർത്തിക്കണം. ജനങ്ങളുടെ അടിയന്തര ആവശ്യം പരിഗണിച്ചു ആവശ്യമെങ്കിൽ വിദേശത്ത് നിന്ന് ചാർട്ടേഡ് ഫ്ളൈറ്റുകൾ വഴി ആവശ്യമുള്ള സംസ്ഥാനങ്ങൾക്ക് മെഡിക്കൽ ഓക്സിജൻ ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ നടപടി സ്വീകരിക്കണം.

കോവിഡ് 19 പകർച്ചവ്യാധിയുടെ വിനാശകരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കാൻ കേന്ദ്രസംസ്ഥാനസർക്കാരുകൾ ഇതിനകം സ്വീകരിച്ച നടപടികളെ അഭിനന്ദിക്കുന്നു. രാജ്യത്തെ ജനങ്ങളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിന് ഇനിയും വളരെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്. അനാവശ്യ വിമർശനങ്ങളും രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളും നമ്മുടെ വിലയേറിയ സമയം പാഴാക്കാൻ അനുവദിക്കരുത്. രാജ്യത്തെ എല്ലാ ആശുപത്രികളിലും ആരോഗ്യ പരിപാലനകേന്ദ്രങ്ങളിലും ആവശ്യമായ മെഡിക്കൽ ഓക്സിജൻ ലഭ്യമാക്കുന്നതുവഴി ഒരാളുടെ പോലും ജീവൻ ഓക്സിജന്റെ അഭാവം കൊണ്ടു നഷ്ടപ്പെടുകയില്ലായെന്നു കേന്ദ്രസംസ്ഥാനസർക്കാരുകൾ ഉറപ്പാക്കണം. രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന അതീവഗുരുതരമായ ഈ ആരോഗ്യപ്രതിസന്ധിയിൽ സർക്കാരുകളോട് ചേർന്നു സഭാസംവിധാനങ്ങളും സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടെന്നും സാധ്യമായ മേഖലകളിലെല്ലാം സഹകരിച്ചു പ്രവർത്തിക്കാൻ ഇനിയും സന്നദ്ധമാണെന്നും കർദിനാൾ മാർ ആലഞ്ചേരി അറിയിച്ചു.

## ഉപവാസ പ്രാർത്ഥനാ ദിനം പ്രഖ്യാപിച്ച് സിബിസിഐ

ന്യൂഡൽഹി: ഭാരതത്തിൽ കോവിഡ് 19 മഹാമാരിയുടെ രണ്ടാം തരംഗം അതിശക്തമായി തുടരുന്ന സാഹചര്യത്തിൽ ഈ വരുന്ന മെയ് ഏഴിന് പ്രാർത്ഥന ദിനമായി ആചരിക്കാൻ ദേശീയ കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) ആഹ്വാനം ചെയ്തു. മഹാമാരി ഒരു സുനാമി പോലെ ആഞ്ഞടിക്കുകയാണെന്ന് സിബിസിഐ പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് അഭിപ്രായപ്പെട്ടു.

കോവിഡ് മഹാമാരിയുടെ
അന്ത്യത്തിനായും രോഗികളുടെ
സൗഖ്യത്തിനായും ആരോഗ്യ
പ്രവർത്തകർക്ക് വേണ്ടിയും

**മെയ് 7 വെള്ളിയാഴ്ച**
**ഉപവാസ പ്രാർത്ഥനാദിനം**

ദേശീയ കത്തോലിക്കാ
മെത്രാൻ സമിതി ആഹ്വാനം

സീറോമലബാർ സഭാതലവൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സീറോമലങ്കര സഭാതലവൻ കർദിനാൾ ക്ലീമ്മീസ് ബാവ, സിസിബിഐ പ്രസിഡണ്ട് ആർച്ച്ബിഷപ്പ് ഫിലിപ്പ് നേരി എന്നിവരുമായി ചർച്ച നടത്തിയശേഷമാണ് മെയ് 7-ന് വെള്ളിയാഴ്ച ഉപവാസ പ്രാർത്ഥന ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. നാഷണൽ കൗൺസിൽ ഓഫ് ചർച്ച് ഇൻ ഇന്ത്യ (എൻസിസിഐ) ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ (ഇഎഫ്ഐ) തുടങ്ങിയവരും ഉപവാസ പ്രാർത്ഥനയിൽ സഹകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രാജ്യത്തെ എല്ലാ രൂപതകളെയും ഇടവകകളെയും ഉപവാസ പ്രാർത്ഥനാ ദിനത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ അന്ത്യത്തിനായും രോഗികളുടെ സൗഖ്യത്തിനായും ആരോഗ്യപ്രവർത്തകർക്ക് വേണ്ടിയും പ്രതിരോധമരുന്നുകളുടെ പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുവാൻ എല്ലാ വിശ്വാസികളോടും സന്യാസ സമൂഹങ്ങളോടും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. അന്നുച്ചയ്ക്ക് എല്ലാ മെത്രാന്മാരും തങ്ങളുടെ അരമനകളിലോ കത്തീഡ്രലിലോ പ്രത്യേകം പ്രാർത്ഥനകൾ സംഘടിപ്പിക്കണമെന്നും നിർദേശമുണ്ട്.

## മേയ് മാസത്തിൽ ജപമാലയജ്ഞം പ്രഖ്യാപിച്ച് വത്തിക്കാൻ

വത്തിക്കാൻ: ലോകരാജ്യങ്ങളെ ഒന്നടങ്കം കോവിഡ് മഹാമാരി ദുരിതക്കയത്തിലാക്കുമ്പോൾ, പരിശുദ്ധ ദൈവമാതാവിന്റെ വണക്കത്തിന് സമർപ്പിതമായ മേയ് മാസത്തിൽ കൂടുതൽ ജപമാലകൾ ചൊല്ലി പ്രാർത്ഥിക്കണമെന്ന ആഹ്വാനവുമായി വത്തിക്കാൻ. ഫ്രാൻസിസ് പാപ്പയുടെ പ്രത്യേക താൽപ്പര്യ പ്രകാരം മേയ് മാസാചരണം ജപമാല പ്രാർത്ഥനാ യജ്ഞത്തിനായി സമർപ്പിക്കുകയാണെന്ന് 'നവസുവിശേഷ വത്ക്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ' അറിയിച്ചു.

'ദൈവത്തോടുള്ള പ്രാർത്ഥന സഭയിൽ നിന്ന് നിരന്തരം ഉയരണം' എന്ന ആപ്ത വാക്യവുമായാണ്, കോവിഡ് മഹാമാരിയിൽനിന്നുള്ള മുക്തിക്കായി പ്രാർത്ഥനായജ്ഞം സംഘടിപ്പിക്കുന്നത്. ദൈവമാതാവിന്റെ മാധ്യസ്ഥം പ്രത്യേകം യാചിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ തന്നെയായിരിക്കും മേയ് ഒന്നിന് ജപമാലയജ്ഞത്തിന് തുടക്കം കുറിക്കുക.

വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും ജപമാല പ്രാർത്ഥന പ്രോത്സാഹിപ്പിക്കാൻ ലോകമെമ്പാടുമുള്ള കത്തോലിക്കാ ദൈവാലയങ്ങൾ സവിശേഷമായ രീതിയിൽ പരിശ്രമിക്കണമെന്നും പൊന്തിഫിക്കൽ കൗൺസിൽ അറിയിച്ചു.



പ്രമുഖമായ 30 തീർത്ഥാടനകേന്ദ്രങ്ങൾ ഓരോ ദിവസവും ഉച്ചയ്ക്ക് 12.00ന് ജപമാല പ്രാർത്ഥന തത്സമയം സംപ്രേഷണം ചെയ്യാമെന്ന് ഇതിനകം അറിയിച്ചിട്ടുണ്ടെന്നും പൊന്തിഫിക്കൽ കൗൺസിൽ വ്യക്തമാക്കി.

## എഡിറ്റോറിയൽ

കോവിഡിന്റെ വ്യാപനം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിലാണ് നാം. സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ ഈ സാഹചര്യത്തെ കൈകാര്യം ചെയ്യേണ്ടതാണ്. വടക്കേ ഇന്ത്യയിൽ പടർന്നുപിടിച്ച കോവിഡ് വ്യാപനത്തിന്റെ രണ്ടാം വരവ് പതിയെ തെക്കേ ഇന്ത്യയിലും ശക്തമാവുകയാണ്. സർക്കാർ നിർദ്ദേശിക്കുന്ന കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് നമ്മുടെയും സമൂഹത്തിന്റെയും സുരക്ഷ ഉറപ്പുവരുത്തേണ്ടതുണ്ട്. വാക്സിനുകൾ രാജ്യത്തിന്റെ ആരോഗ്യസ്ഥിതി നിയന്ത്രിക്കുന്ന പരിസ്ഥിതിയിൽ രാജ്യത്തെ എല്ലാ പൗരൻമാർക്കും അടിയന്തിരമായി വാക്സിൻ ലഭ്യമാക്കാനുള്ള കടമ അതത് സർക്കാരിനുണ്ട്. ഇത്തരം അടിയന്തിര ഘട്ടങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള നേതൃത്വത്തെയാണ് ജനപ്രതിനിധികൾ എന്ന നിലയിൽ രാജ്യം പ്രതീക്ഷിക്കുന്നത്. കച്ചവടതാൽപര്യവും ലാഭകണക്കുകളും മുൻനിർത്തിയുള്ള സ്വകാര്യവത്കരണങ്ങൾമൂലം ജനം കഷ്ടപ്പെടുമ്പോൾ രാജ്യത്തെ ജനത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധത ചോദ്യം ചെയ്യപ്പെടേണ്ടതുതന്നെയാണ്. രാജ്യത്തിന്റെ പരമോന്നത കോടതികൾ ഈ അടിയന്തിര ഘട്ടത്തിൽ ജീവൻ രക്ഷാമരുന്നുകളുടെ വിലനിയന്ത്രണം കൈകാര്യം ചെയ്യാനുള്ള സർക്കാരിന്റെ സാധ്യതകൾ പലപ്രാവശ്യം ഓർമ്മപ്പെടുത്തി കഴിഞ്ഞു. ലൈഫ് സേവിങ് മെഡിസിനുകൾ, ഓക്സിജൻ സിലിണ്ടറുകൾ, ആന്റിജൻ, ആർടി പിസി ആർ തുടങ്ങിയ ടെസ്റ്റുകൾ, വാക്സിനേഷനുകൾ തുടങ്ങിയവയുടെ വില സാധാരണ മനുഷ്യനു താങ്ങാവുന്നതിലുമപ്പുറം ആകുന്നു.

കോവിഡിന്റെ രണ്ടാംവരവിൽ വടക്കേയിന്ത്യയിലും ഇതര സംസ്ഥാനങ്ങളിലും മരണമടഞ്ഞവരിൽ ഒട്ടനവധി വൈദികരും സിസ്റ്റേഴ്സും ഉണ്ട്. ദേശീയ കത്തോലിക്കാ മെത്രാൻസമിതി മൂന്നുറീത്തുകളിലെയും മേലധ്യക്ഷൻമാരോട് കൂടിയാലോചിച്ച് മെയ് 7-ന് ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തിരിക്കുന്നു. ലോകരാജ്യങ്ങളെ കോവിഡ് മഹാമാരി ദുരിതക്കയത്തിലാഴ്ത്തുമ്പോൾ പരിശുദ്ധ ദൈവമാതാവിന്റെ വണക്കത്തിന് സമർപ്പിതമായ മേയ് മാസത്തിൽ ജപമാല യജ്ഞം നടത്തണമെന്ന് ഫ്രാൻസീസ് മാർപാപ്പയും ആവശ്യപ്പെട്ടിരിക്കുകയാണ്.

സർക്കാർ നല്കുന്ന കോവിഡ് പ്രോട്ടോകോൾ അനുസരിച്ചുമാത്രം വി. കുർബാനയർപ്പണവും മറ്റു പ്രാർത്ഥനകളും നടത്തിയ ചില വൈദികരെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ച് ചോദ്യം ചെയ്ത നടപടി പ്രതിഷേധാർഹമാണ്. 212 വർഷങ്ങളായി എല്ലാവർഷവും തിരുനാൾ ആഘോഷപൂർവം നടത്തിയിരുന്ന എടത്വാ പള്ളിയിൽ കോവിഡിന്റെ രൂക്ഷവ്യാപനം നടക്കുന്ന സാഹചര്യത്തിൽ ഈ വർഷം തിരുനാൾ ഉപേക്ഷിക്കുകയാണെന്ന് അറിയിച്ചത്, തികച്ചും മാതൃകാപരമാണെന്ന് മുഖ്യമന്ത്രി എടുത്തുപറഞ്ഞു പ്രോത്സാഹിപ്പിച്ചത് ഈ അവസരത്തിൽ അനുസ്മരിക്കുന്നു. കോവിഡ് ബാധിച്ച് മരണമടഞ്ഞവരെ സംസ്കരിക്കാൻ സന്നദ്ധരായ സമരിറ്റൻ സേന പോലുള്ള നിരവധി വോളന്റിയേഴ്സ് ഗ്രൂപ്പ് രൂപതാ യുവജനപ്രസ്ഥാനങ്ങളുടെയും സാമൂഹ്യവിഭാഗങ്ങളുടെയും നേതൃത്വത്തിൽ തയ്യാറാകുന്നത് അഭിനന്ദനാർഹമാണ്. ഈ അവസരത്തിൽ ആരോഗ്യപ്രവർത്തകരെ അഭിനന്ദിക്കുന്നതോടൊപ്പം നിയമം നടപ്പിലാക്കാൻ കഷ്ടപ്പെടുന്ന പോലീസുദ്യോഗസ്ഥരുൾപ്പെടുന്ന ക്രമസമാധാന പാലകരെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

മേയ് മാസം പ്രധാനമായും ദൈവവിളി പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന സമയമാണല്ലോ. ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനാഗ്രഹിച്ച് പൗരോഹിത്യ, സന്യാസ, സമർപ്പിത ജിവിതാന്തസ്സിലേക്ക് പ്രവേശിക്കാനാഗ്രഹിക്കുന്നവരെ അനുസ്മരിച്ചുകൊണ്ടൊരു ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. സീറോമലബാർ സഭയിലെ വിശുദ്ധരെ ഹൃസ്വമായി പരിചയപ്പെടുത്തുന്ന മറ്റൊരു ലേഖനവുമുണ്ട്. സീറോമലബാർ സഭയുടെ വിവിധ രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും പ്രേഷിതാഭിമുഖ്യങ്ങൾ പ്രകാശിപ്പിക്കുന്ന ധാരാളം വാർത്തകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കെസിബിസിയുടെ അല്മായ കമ്മീഷന്റെ പ്രഥമ സെക്രട്ടറിയും സീറോമലബാർ സഭയുടെ അൽമായ ഫോറത്തിന്റെ ഇപ്പോഴത്തെ സെക്രട്ടറിയുമായിരുന്ന അഡ്വ. ജോസഫ് വിതയത്തിന്റെ അകാലവിയോഗത്തിൽ സീറോമലബാർ വിഷൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഉയിർപ്പുകാലത്തിൽ ഈശോ നല്കുന്ന സമാധാനാശംസ ഓരോ വിശ്വാസിയുടെയും ഹൃദയത്തിന്റെ താളമാണ്. പ്രതിസന്ധികളിലൂടെയും പീഢാസഹനങ്ങളുടെ കാൽവരിയാത്രയിലൂടെയും ആത്മസമർപ്പണത്തിന്റെ പുതിയചാലുകൾ വെട്ടിതുറന്നാണ് ഉത്ഥിതനായ ഈശോ സമാധാനം ആശംസിക്കുന്നത്. അത് ലോകം നല്കുന്നതുപോലെയുള്ള സമാധാനമായിരുന്നില്ല. ഈ അവബോധമാകട്ടെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി നിലപാടെടുക്കാനും അതുവഴി കോവിഡുകാലത്തിന്റെ അരിഷ്ടതകളെ അതിജീവിക്കാനും നമ്മെ ശക്തിപ്പെടുത്തേണ്ടത്.



**ഫാ. അലക്സ് ഓണംപള്ളി**
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ

# അല്മായഫോറം സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ വിടവാങ്ങി

കാക്കനാട്: സീറോമലബാർ സഭയിലെ അല്മായ മുന്നേറ്റത്തിന്റെ ശക്തമായ പ്രതീകമായി, കഴിഞ്ഞ 50 വർഷം നിലകൊണ്ട അഡ്വ. ജോസ് വിതയത്തിൽ ഓർമ്മയായി. സഭയുടെ ശബ്ദവും ശക്തിയും സാക്ഷ്യവുമാകുവാൻ അല്മായ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ മുഖ്യ പങ്കു വഹിച്ച വ്യക്തിയാണ് അദ്ദേഹം. ആത്മീയതയെയും വിശ്വാസത്തെയും വെല്ലുവിളിക്കുന്നതും സഭയുടെ കെട്ടുറപ്പിന് കോട്ടം തട്ടുന്നതുമായ നീക്കങ്ങൾ ഏതുകോണിൽ നിന്നുവന്നാലും എതിർക്കപ്പെടണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച നിലപാട്. സഭയിലും ലോകത്തിലും അല്മായ വിശ്വാസികളുടെ വിളിയും ദൗത്യവും എന്തെന്ന് മനസ്സിലാക്കി പ്രവർത്തിച്ച അദ്ദേഹം അല്മായ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും സവിശേഷതയായുള്ള സഭയ്ക്ക് ഇനിയും വളരെ ദൂരം മുന്നോട്ടുപോകേണ്ടതായുണ്ട് എന്ന് പലപ്പോഴും അഭിപ്രായപ്പെട്ടിട്ടുണ്ട്.

പ്രായോഗികാഭിമുഖ്യമുള്ള വിശ്വാസപരിശീലനം അല്മായർക്ക് നൽകേണ്ടതിന്റെ ആവശ്യകത അഡ്വ. ജോസ് വിതയത്തിൽ എപ്പോഴും ചൂണ്ടി കാണിക്കാറുണ്ടായിരുന്നു. തന്റെ സമയത്തിന്റെ ഭൂരിഭാഗവും സഭക്കും സമൂഹത്തിനും വേണ്ടി മാറ്റിവയ്ക്കാൻ യാതൊരു മടിയും കാണിക്കാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. തന്റെ സമ്പത്തിന്റെ വലിയ ഒരു ഭാഗം സഭാ പ്രവർത്തനങ്ങൾക്കു വേണ്ടി മാറ്റി വയ്ക്കുന്നതിലും അദ്ദേഹം സന്തോഷം കണ്ടെത്തി. സാമൂഹികരാഷ്ട്രീയ രംഗത്ത് സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളാനും ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കാനും അത് വഴിയായി അൽമായരെ ബോധവൽക്കരിക്കാനും പരിശ്രമിച്ച വ്യക്തിയാണ് അദ്ദേഹം.

സഭയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അല്മായ പ്രേഷിതത്വത്തിന് വലിയ പങ്കുണ്ടെന്ന് മനസ്സിലാക്കി പ്രവർത്തിച്ച ദീർഘ വീക്ഷണത്തിനുടമയായിരുന്നു അഡ്വ. വിതയത്തിൽ. ക്രൈസ്തവർ തങ്ങൾ വ്യാപരിക്കുന്ന എല്ലാ മേഖലകളിലും ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ടവരാണ് എന്ന ഉറച്ച ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. വിശ്വസ്തതയോടെയുള്ള, ശക്തമായ അൽമായ നേതൃത്വമാണ് കത്തോലിക്ക സഭയുടെ കരുത്തും പ്രതീക്ഷയുമെന്ന് അദ്ദേഹം പറയുമായിരുന്നു.

അഡ്വ. ജോസ് വിതയത്തിലിന്റെ വേർപാടിൽ സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പും കെസിബിസി പ്രസിഡന്റുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുശോചനം രേഖപ്പെടുത്തി. പ്രതിബദ്ധതയുടെ അല്മായ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേതെന്ന് കർദിനാൾ അനുസ്മരിച്ചു. എറ






മതസൗഹാർദ്ദത്തിന്റെയും സഭൈക്യത്തിന്റെയും ശക്തനായ വക്താവായിരുന്ന അഡ്വ. വിതയത്തിൽ എല്ലാവരെയും ഉൾക്കൊള്ളാനും എല്ലാവരുമായി സഹകരിച്ച് പ്രവർത്തിക്കാനും എപ്പോഴും ശ്രമിച്ചിരുന്നു. അഡ്വ. ജോസ് വിതയത്തിൽ കേരള ക്രൈസ്തവ സമൂഹത്തിനും പൊതു സമൂഹത്തിനും നൽകിയ സേവനങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടും

– **കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

ണാകുളം-അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, എന്നീ നിലകളിലെല്ലാം അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലമാണെന്നും കർദിനാൾ തന്റെ അനുശോചനസന്ദേശത്തിൽ പറഞ്ഞു. മതസൗഹാർദ്ദത്തിന്റെയും സഭൈക്യത്തിന്റെയും ശക്തനായ വക്താവായിരുന്ന അഡ്വ. വിതയത്തിൽ എല്ലാവരെയും ഉൾക്കൊള്ളാനും എല്ലാവരുമായി സഹകരിച്ച് പ്രവർത്തിക്കാനും എപ്പോഴും ശ്രമിച്ചിരുന്നു. അഡ്വ. ജോസ് വിതയത്തിൽ കേരള ക്രൈസ്തവ സമൂഹത്തിനും പൊതു സമൂഹത്തിനും നൽകിയ സേവനങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടുമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി കൂട്ടിച്ചേർത്തു.

നിലവിൽ സീറോമലബാർ സഭയുടെ അല്മായ ഫോറം സെക്രട്ടറിയും കാർഷിക കടാശ്വാസ കമ്മീഷൻ അംഗവുമായിരുന്നു അദ്ദേഹം.

പൊതുപ്രവർത്തനവും സഭാപ്രവർത്തനവും ഒരുപോലെ കൊണ്ടുപോയിക്കൊണ്ടിരുന്ന അഡ്വ. ജോസ് വിതയത്തിലിന്റെ അല്മായ ജീവിതം നമുക്ക് ഒരു വെല്ലുവിളിയാണ്. ലോകത്തിന്റെ മദ്ധ്യത്തിൽ ഭൗതിക വ്യാപാരങ്ങളുടെ ഇടയിൽ മാതൃകാ ജീവിതം നയിക്കുക എന്ന വെല്ലുവിളി. ക്രിസ്തീയചൈതന്യത്തിൽ നിലനിന്നുകൊണ്ട് പ്രേഷിതത്വം നിർവ്വഹിക്കുന്ന അദ്ദേഹത്തിന്റെ മാതൃക ഏവർക്കും അനുകരണീയമാണ്.


## സീറോമലബാർ വിഷൻ

MY LORD MY GOD

PATRON
MAJOR ARCHBISHOP CARDINAL MAR GEORGE ALENCHERRY

CHIEF EDITOR
FR. ALEX ONAMPALLY
SECRETARY, MEDIA COMMISSION

ASSOCIATE EDITOR
FR. ABRAHAM KAVILPURAYIDATHIL
PRO, VICE-CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

DESIGN & LAYOUT
JOSEMON VAZHAYIL
MUMBAI

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION

MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION

MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION

EDITORIAL TEAM
DR. KOCHURANI JOSEPH
DR. CHACKO KALAMPARAMBIL
DR. MARY REGINA F.
MR. SIJO AMBATT

# കേരളത്തിൽ ആദ്യമായി ക്രിസ്ത്യൻ സ്റ്റഡീസിൽ ഡിഗ്രി കോഴ്സ് ആരംഭിക്കുന്നു



കാലിക്കറ്റ്: കാലിക്കറ്റ് സർവ്വകലാശാലയിലാണ് കേരളത്തിൽ ആദ്യമായി ക്രിസ്ത്യൻ സ്റ്റഡീസിൽ ബിരുദപഠനത്തിന് വഴിയൊരുക്കുന്നത്. പ്രസ്തുത പഠനത്തിനായി യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസിന് രൂപം നൽകി. കണ്ണൂർ സർവ്വകലാശാല പരീക്ഷാ കൺട്രോളറായ ഡോ. പി ജെ വിൻസെന്റ് ആണ് ബോർഡിന്റെ അധ്യക്ഷൻ. റവ. ഡോ. പോൾ പുളിക്കൻ (ക്രിസ്ത്യൻ ചെയർ ഡയറക്ടർ), ഫാ. രാജു ചക്കനാട്ട് (ബോസ്കോ കോളേജ്, മണ്ണുത്തി), സി. ഡോ. ഷൈനി ജോർജ് (ഹോളിക്രോസ് കോളേജ്, കോഴിക്കോട്), റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് (സെൻറ് തോമസ് കോളേജ്, തൃശൂർ), റവ. ഡോ. ജോളി ആൻഡ്രൂസ് (ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട), റവ. ഡോ. പോളച്ചൻ തോട്ടുങ്ങൽ (നൈപുണ്യ കോളേജ്, കൊരട്ടി), ഡോ. ജോഷി മാത്യു (പഴശ്ശിരാജ കോളേജ്, പുൽപ്പള്ളി), റവ. ഡോ. ഗാസ്പർ കടവിപറമ്പിൽ (ഗവൺമെന്റ് കോളേജ്, തിരുവനന്തപുരം) ഡോ. മിലു മരിയ (പ്രജ്യോതി കോളേജ്, പുതുക്കാട്) എന്നിവരാണ് ബോർഡ് അംഗങ്ങൾ. മണ്ണുത്തി ഡോൺ ബോസ്കോ കോളേജിൽ ഈ അധ്യയന വർഷം തന്നെ ക്രിസ്ത്യൻ സ്റ്റഡീസിൽ ബിഎ ബിരുദം ആരംഭിക്കാൻ പദ്ധതിയുണ്ടെന്ന് ക്രിസ്ത്യൻ ചെയർ ഡയറക്ടർ റവ. ഡോ. പോൾ പുളിക്കനും ചെയർ ഗവേണിങ് ബോഡി മെമ്പർ മാർട്ടിൻ തച്ചിലും അറിയിച്ചു.

# ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ: ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് പരാതി നൽകാം

എറണാകുളം: ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ  വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയുക്തനായ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് മുന്നിൽ നിവേദനങ്ങളും പരാതികളും സമർപ്പിക്കാം. നിവേദനം /പരാതിയുടെ 3 പകർപ്പുകൾ  സെക്രട്ടറി, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ, രണ്ടാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, പനമ്പള്ളി നഗർ, കൊച്ചി 68 2036 എന്ന  വിലാസത്തിലോ ഇ-മെയിലിലോ അയക്കാവുന്നതാണ്. ഇ-മെയിൽ ID: christianminoritycommission@gmail.com. നിവേദനത്തിനൊപ്പം അതിൽ പറയുന്ന കാര്യങ്ങളുടെ തെളിവും ഹാജരാക്കണം. കോവിഡ് പ്രതിസന്ധി മാറി കഴിഞ്ഞാൽ ജില്ലാ ആസ്ഥാനങ്ങളിൽ നേരിട്ട് പരാതി കേൾക്കാനും തെളിവുകൾ സ്വീകരിക്കാനും മുൻകൂട്ടി അറിയിച്ച് സൗകര്യമൊരുക്കുമെന്ന് കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി അറിയിച്ചു.

# കത്തോലിക്കാ കോൺഗ്രസിന് പുതിയ ഭാരവാഹികൾ



കോട്ടയം: കത്തോലിക്കാ കോൺഗ്രസ് 2021-2024 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ഗ്ലോബൽ സമിതി പ്രസിഡന്റായി കോതമംഗലം രൂപതാ അംഗവും സീറോമലബാർ സഭാ വക്താവും മുൻ ഗ്ലോബൽ പ്രസിഡന്റുമായ അഡ്വ. ബിജു പറയനിലം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. മുൻ പാലാ രൂപത പ്രസിഡന്റും പാസ്റ്ററൽ കൗൺസിൽ അംഗവുമായ അസി. പ്രഫ. രാജീവ് കൊച്ചുപറമ്പിൽ ജനറൽ സെക്രട്ടറിയായും തൃശ്ശൂർ അതിരൂപത അംഗവും സെന്റ് തോമസ് കോളേജ് വൈസ് പ്രിൻസിപ്പാളുമായ ഡോ. ജോബി തോമസ് കാക്കശ്ശേരി ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ വിവിധ രൂപതകളിൽ നിന്നുള്ള വൈസ് പ്രസിഡന്റുമാരെയും ഗ്ലോബൽ സെക്രട്ടറിമാരെയും തിരഞ്ഞെടുത്തു. 45 രാജ്യങ്ങളിലെ രൂപതകളിൽ നിന്നുള്ള സമുദായനേതാക്കളുടെ പ്രാതിനിധ്യം ഉൾപ്പെടുത്തിക്കൊണ്ടാണ് ഗ്ലോബൽ സമിതി രൂപീകരിച്ചിരിക്കുന്നത്. പുതിയ സമിതിയുടെ തിരഞ്ഞെടുപ്പിന് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, ഇലക്ഷൻ ബോർഡ് ചെയർമാൻ അഡ്വ. ബോബി ജോർജ്, ഇലക്ഷൻ ബോർഡ് മെമ്പർമാരായ അഡ്വ. ബൈജു എ ജോസഫ്,  അഡ്വ. ഷിജി ജോസഫ്,  ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ തുടങ്ങിയവർ നേതൃത്വം വഹിച്ചു. പുതിയ ഭരണ സമിതി റിപ്പോർട്ട് സീറോമലബാർ സഭാ തലവൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനും ബിഷപ് ഡെലിഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിനും ഇലക്ഷൻ ബോർഡ് സമർപ്പിച്ചു.

# രണ്ട് മലയാളി സന്യാസിനിമാർക്ക് ഇറ്റലിയിൽ ആദരവ്: പാതകൾക്ക് സിസ്റ്റേഴ്സിന്റെ പേരുകൾ നൽകി

ഇറ്റലി: കോവിഡ് രോഗികളുടെ ഇടയിലെ സ്തുത്യർഹമായ സേവനത്തിന് മലയാളികളായ സന്യാസിനിമാർക്ക് ഇറ്റലിയിൽ ആദരവ്. കമില്ലസ് സന്യാസിനി സമൂഹാംഗങ്ങളായ സി. ഡെയ്സി അണ്ണാത്തുകുഴിയിൽ, സി. തെരേസ് വെട്ടത്ത് എന്നിവരാണ് ഇറ്റലിയിൽ ആദരവ് നേടി മലയാള മണ്ണിന്റെയും കത്തോലിക്കാ സന്യാസത്തിന്റെയും യശ്ശസുയർത്തിയത്.

ഈ സന്യാസിനിമാരുടെ സേവനങ്ങളോടുള്ള ബഹുമാനാർത്ഥം സാക്രോഫാനോ മുനിസിപ്പാലിറ്റിയിലെ രണ്ടു റോഡുകൾക്ക് താൽക്കാലികമായി ഇവരുടെ പേര് നൽകിയിട്ടുണ്ട്. റോമിനടുത്തുള്ള കമില്ലസ് സന്യാസിനി സമൂഹത്തിന്റെ മാദ്രെ ജൂസെപ്പീന വന്നീനി-യിൽ ഇരുപതോളം വർഷങ്ങളായി ശുശ്രൂഷ ചെയ്യുകയാണ് ഇവർ. ഇവരോടൊപ്പം ഇതേ ആശുപത്രിയിൽ ശുശ്രൂഷ ചെയ്യുന്ന ബുർക്കീന ഫാസോ എന്ന ആഫ്രിക്കൻ രാജ്യത്തുനിന്നുള്ള സി. സബീനയ്ക്കും മറ്റു അഞ്ച് നഴ്സുമാർക്കും ഇതേ ആദരവ് ലഭിച്ചു. ഇറ്റലിയിൽ ആദ്യമായി കൊറോണ വൈറസിന്റെ സാന്നിധ്യം ഒരു രോഗിയിൽ തിരിച്ചറിഞ്ഞ വനിതാ ഡോക്ടറും ഇവരോടൊപ്പം ആദരവിന് അർഹയായി.




സാക്രോഫാനോ മുനിസിപ്പാലിറ്റിയാണ് മാർച്ച് എട്ടാം തീയതി ലോക വനിതാ ദിനത്തോടനുബന്ധിച്ച് ഇത്തരമൊരു പ്രോഗ്രാം സംഘടിപ്പിച്ചത്. മേയറിന്റെ നേതൃത്വത്തിൽ 9 പേരുടെയും പേരിൽ ഓരോ റോഡും താൽക്കാലികമായി സമർപ്പിക്കപ്പെട്ടു. മാനന്തവാടി രൂപതയിലെ ചുങ്കക്കുന്ന് സ്വദേശിനിയാണ് സി. ഡെയ്സി അണ്ണാത്തുകുഴിയിൽ. മാനന്തവാടി രൂപതയിലെ തന്നെ കൊട്ടിയൂർ നെല്ലിയോടി സ്വദേശിനിയാണ് സി. തെരേസ് വെട്ടത്ത്.

# കോവിഡ് കൺട്രോൾ റൂമുകൾ തുറന്ന് കോതമംഗലം കെസിവൈഎം

YUVADEEPTHI - KCYM
Kothamangalam Diocese

കോതമംഗലം: യുവദീപ്തി-കെ.സി.വൈ.എം കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി 12 കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. കോതമംഗലം, ആരക്കുഴ, ഊന്നുകൽ, പൈങ്ങോട്ടൂർ, കാളിയാർ, കരിമണ്ണൂർ, മുതലക്കോടം, മൈലക്കൊമ്പ്, മാറിക, തൊടുപുഴ, വാഴക്കുളം, മൂവാറ്റുപുഴ എന്നീ പ്രദേശങ്ങളിൽ കോവിഡ് വാക്സിൻ രജിസ്ട്രേഷൻ, ബ്ലഡ് ബാങ്ക്, സ്പിരിച്വൽ അസിസ്റ്റൻസ്, എമർജൻസി സർവീസ്, ഡെയ്‌ലി കോവിഡ് അപ്ഡേറ്റ്സ്, കോതമംഗലം സമരിറ്റൻസ് ഹെല്പ് തുടങ്ങിയ സഹായങ്ങൾ കൺട്രോൾ റൂമിൽ നിന്ന് ലഭിക്കുന്നതായിരിക്കും എന്ന് കോതമംഗലം കെ.സി.വൈ.എം രൂപതാ ഡയറക്ടർ ഫാ. സിറിയക് ഞാളൂർ അറിയിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സമൂഹനന്മയെ ലക്ഷ്യംവച്ചുകൊണ്ടുള്ള യുവജന പ്രേഷിതത്വത്തിന്റെ ഭാഗമായുള്ള പ്രവർത്തനമാണിതെന്ന് രൂപതാ പ്രസിഡണ്ട് ജിബിൻ ജോർജ് പറഞ്ഞു.

# 'നന്മനിറഞ്ഞ മറിയമേ...' ബോട്ടിൽ ആർട്ടിൽ എഴുതി ഗോഡ്സൺ

തൃശ്ശൂർ: നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന കൊണ്ട് ബോട്ടിൽ ആർട്ടിൽ വിസ്മയം തീർത്ത് തൃശൂർ സ്വദേശി ഗോഡ്സൺ. 16 ഭാഷകളിലായി ബോട്ടിലിൽ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന രചിച്ചുകൊണ്ടാണ് തൃശ്ശൂർ പൊങ്ങണംകാട് പായിക്കാട്ടു വീട്ടിൽ ഗോഡ്സൺ ഫ്രാൻസിസ് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെയും ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെയും അംഗീകാരം കരസ്ഥമാക്കിയത്.



ക്രൊയേഷ്യൻ, ഫ്രഞ്ച്, ഇറ്റാലിയൻ, ആഫ്രിക്കൻസ് തുടങ്ങിയ വിദേശ ഭാഷകളിലടക്കമാണ് ഗോഡ്സൺ പ്രാർത്ഥന രചിച്ചത്. ജപമാല ഭക്തനായ ഗോഡ്സന് ജപമാലയുമായി ബന്ധപ്പെട്ട എന്തെങ്കിലും ശ്രദ്ധേയമായ കാര്യം ചെയ്യണമെന്നത് മാസങ്ങളായുള്ള ആഗ്രഹമായിരുന്നു. അങ്ങനെയാണ് ജപമാല മാസത്തിന് മുമ്പായി ഈ നേട്ടം കൈവരിക്കാനായത്. ഇതിനായി ആദ്യം ബോട്ടിൽ ആർട്ട് പഠിച്ചു.

പിന്നീട് വിവിധ ഭാഷകളിൽ എഴുതാൻ പഠിച്ചു. അതിനായി ഗൂഗിളിന്റെയും പിന്നീട് ഒരു ആപ്പിന്റെയും സേവനം പ്രയോജനപ്പെടുത്തി. ആദ്യം വിവിധ ഭാഷകളിൽ പുസ്തകത്തിൽ എഴുതി ശീലിച്ച ശേഷമാണ് ചില്ല് കുപ്പിയിൽ പെയിന്റ് ചെയ്തശേഷം എഴുതിച്ചേർത്തത്. ചതുരത്തിലുള്ള കുപ്പിയുടെ ഓരോ വശത്തും നാല് ഭാഷകളിൽ പ്രാർത്ഥന എഴുതി. എം കോം കാരനായ ഗോഡ്സന് അമ്മയുടെ പ്രോത്സാഹനവും ഉണ്ടായിരുന്നു. പുതുക്കാട് പള്ളി അസിസ്റ്റന്റ് വികാരി ഫാ. സോബിൻ പായിക്കാട്ടും, അമല ആശുപത്രിയിലെ സി. സോനാ മരിയ സിഎസ് എമ്മും സഹോദരങ്ങളാണ്. കെസിവൈഎം, ജീസസ് യൂത്ത് പ്രസ്ഥാനങ്ങളിലെ സജീവ പ്രവർത്തകനാണ് ഗോഡ്സൺ.

# കോവിഡ് പകർച്ചവ്യാധി: മരിയൻ പ്രാർത്ഥനാമാസം - മെയ് 2021

സൃഷ്ടിയുടെ നാഥനായ ദൈവം തന്റെ സൃഷ്ടിയുടെ മകുടമായ മനുഷ്യനെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ 'സമസ്തസൃഷ്ടികളും ഒന്നു ചേർന്ന് ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും' (8:22) ചെയ്യുന്ന കഠിനമായ പരീക്ഷണത്തിന്റെ ഒരു കാലഘട്ടമാണ് കോവിഡ് മഹാമാരിയുടെ കടന്നാക്രമണത്തിലൂടെ വന്നുചേർന്നിരിക്കുന്നത്. ഈശോ തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കിയത് അതികഠിനമായ വേദന സഹിക്കുകയും കുരിശുമരണം വരിക്കുകയും ചെയ്തുകൊണ്ടാണ്. അവിടത്തെ ഉത്ഥാനത്തിൽ പങ്കുചേർന്ന് ഈ ലോകത്തിലും, അന്തിമമായി പരലോകത്തിലും വിജയിക്കേണ്ടതിന് ഈശോയെപ്പോലെ കഷ്ടപ്പാടുകളിലൂടെയും പരീക്ഷണങ്ങളിലൂടെയും നമ്മൾ കടന്നുപോകണം. ഈശോയുടെ ജീവിതത്തിൽ നിന്നു വ്യത്യസ്തമായ ഒരു ജീവിതം ആഗ്രഹിക്കാൻ നമുക്ക് സാധിക്കില്ല. 'ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. അവൻ ഗുരുവിനെപ്പോലെ ആയാൽ മതി' (മത്താ. 10:24).

കോവിഡ് 19 പകർച്ചവ്യാധിയുടെ വ്യാപനത്തിൽ നമുക്കു പ്രത്യാശ കൈവിടാതിരിക്കാം. നമുക്കു കർത്താവിൽ ദൃഢമായി ശരണം വയ്ക്കുകയും വൈറസ് ബാധിതരായ നമ്മുടെ സഹോദരീസഹോദരന്മാരെ സഹായിച്ചുകൊണ്ട് അവിടത്തെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യാം. ഈ പരീക്ഷണകാലഘട്ടത്തിൽ തങ്ങളുടെ ജീവൻ വിലയായി നൽകി കർത്താവിലുള്ള വിശ്വാസത്തിൽ മരണമടയുന്നവരുടെ ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

നമുക്കറിയാവുന്നതുപോലെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2021 മെയ് ഒന്നു മുതൽ 31 വരെയുള്ള ദിവസങ്ങൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് പ്രത്യേകമായി പ്രാർത്ഥിക്കുവാനുള്ള സമയമായി പ്രഖ്യാപിച്ചിരിക്കുകയാണ്. എല്ലാ ദിവസവും മുടങ്ങാതെ ജപമാല ചൊല്ലുവാൻ മാർപാപ്പ നമ്മോട് ആഹ്വാനം ചെയ്തിരിക്കുന്നു. ഇതോടൊപ്പം, ഓരോരുത്തർക്കും സാധിക്കുന്ന രീതിയിൽ നമ്മുടെ അനുഷ്ഠാനത്തിനായി ചില കാര്യങ്ങൾ ഞാൻ കൂട്ടിച്ചേർക്കുന്നു.

1. ഇടവക ദൈവാലയങ്ങളിലും സന്യാസസമൂഹങ്ങളുടെ ചാപ്പലുകളിലും രാവിലെ മുതൽ വൈകുന്നേരം വരെ പരി. കുർബാനയുടെ ആരാധന നടത്തുക.
2. നമ്മുടെ സഭയുടെ സായാഹ്നപ്രാർത്ഥന (റംശ) ആഘോഷമായി ചെറിയ ഗ്രൂപ്പുകളിലും സമർപ്പിതസമൂഹങ്ങളിലും എല്ലാ ദിവസവും നടത്തുക.
3. കരുണകൊന്ത ചൊല്ലി പ്രാർത്ഥിക്കുക.

ഇക്കാര്യങ്ങളെല്ലാം ചെയ്യേണ്ടതു സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ.

**– കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പ്




# താഴേക്കാട് വി. സെബാസ്ത്യാനോസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദേവാലയനേതൃത്വം കൂരിയ സന്ദർശിച്ചു

കാക്കനാട്: ഇരിങ്ങാലക്കുട രൂപതയിലെ താഴേക്കാട് വി. സെബാസ്ത്യാനോസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദേവാലയത്തിലെ ആർച്ച് പ്രീസ്റ്റ് റവ. ഫാ. ജോൺ കവലക്കാട്ട് കൈക്കാരൻമാരോടൊപ്പം സീറോമലബാർ സഭാതലവൻ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സന്ദർശിച്ചു. സന്ദർശന വേളയിൽ ഇടവക അജപാലന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കുകയും തീർത്ഥാടന കേന്ദ്രത്തിലേക്ക് പിതാവിനെ ക്ഷണിക്കുകയും ചെയ്തു. 900 കുടുംബങ്ങളുള്ള ഈ ഇടവകയെ സീറോമലബാർ സിനഡിന്റെ നിർദേശപ്രകാരം 2021 മാർച്ച് 8-നാണ് സഭാ തലവനായ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചത്.



വി. സെബാസ്ത്യാനോസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രമായ താഴേക്കാട് പള്ളി എ.ഡി. 800-ൽ സ്ഥാപിതമായി. എ.ഡി. 1028-1043 കാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്ന രാജസിംഹപെരുമാൾ രാജാവ് താഴേക്കാട് നസ്രാണികൾക്ക് നൽകിയ അധികാര അവകാശങ്ങളുടെ ശിലാലിഖിതം 'താഴേക്കാട് പള്ളി ശാസനം' എന്നപേരിൽ ചരിത്രത്തിൽ അറിയപ്പെടുന്നു. ഈ ശില നൂറ്റാണ്ടുകളായി പള്ളിയിൽ പുരാവസ്തു കേന്ദ്രത്തിന്റെ സംരക്ഷണകുറിപ്പുമായി സൂക്ഷിച്ചിരിക്കുന്നു. 1789-ൽ ടിപ്പുവിന്റെ പടയോട്ടത്തിൽ താഴേക്കാട് പള്ളി തകർക്കപ്പെട്ടു. വി. സെബസ്ത്യാനോസിന്റെ (താഴേക്കാട് വിശുദ്ധ കുരിശുമുത്തപ്പൻ) തിരുസ്വരൂപം വലിച്ചെറിയപ്പെടുകയുണ്ടായി. താഴേക്കാടുള്ള നാനാജാതി മതസ്ഥരായ ജനങ്ങൾ കുരിശുമുത്തപ്പന്റെ തിരുസ്വരൂപം വിളിച്ചന്വേഷിച്ചു നടന്നപ്പോൾ വിളികേട്ടുവെന്നത് ഇവിടുത്തെ വിശ്വാസമാണ്. 1791 മെയ് 3-നാണ് ഈ തിരുസ്വരൂപം പുനഃപ്രതിഷ്ഠിച്ചത്. എല്ലാവർഷവും മെയ് 3-ന് വിശുദ്ധ കുരിശുമുത്തപ്പന്റെ തിരുനാൾ സാഘോഷം കൊണ്ടാടുന്നു.



ഈ സന്ദർശവേളയിൽ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു വർഷത്തെ നേർച്ചപണത്തിന്റെ 5% കൂരിയയിൽ ഏൽപ്പിച്ചു. ആർച്ച് പ്രീസ്റ്റ് റവ. ഫാ. ജോൺ കവലക്കാട്ടിനൊപ്പം കൈക്കാരൻമാരായ മാത്യൂസ് കരേടൻ, റിജോ പാറയിൽ, ജോർജ്ജ് തൊമ്മാന, വിൻസെന്റ് തെക്കേത്തല എന്നിവരാണ് ഉണ്ടായിരുന്നത്.

# വി. കുർബാനക്ക് കർണ്ണാടിക് രാഗങ്ങളിൽ താളമൊരുക്കി 'പാടുംപാതിരി'

കാക്കനാട്: വി. കുർബാനയുടെ താളക്രമങ്ങൾ കർണ്ണാടിക് രാഗങ്ങളിൽ ചിട്ടപ്പെടുത്തി 'പാടുംപാതിരി' എന്നറിയപ്പെടുന്ന ഡോ. ഫാ. പോൾ പൂവ്വത്തിങ്കൾ സീറോമലബാർ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ അവതരിപ്പിച്ചു. ഏവർക്കും പാടാൻ കഴിയുന്ന വിധത്തിലും സമൂഹം ഒന്നിച്ചുപാടുമ്പോൾ ഇമ്പകരവുമായ വിധത്തിലുമാണ് വി. കുർബാനയുടെ പുതിയ താളക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നതെന്ന് ഫാ. പോൾ അറിയിച്ചു. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കലും കൂരിയയിലെ വൈദികരും സിസ്റ്റേഴ്സുമടങ്ങുന്ന സംഘത്തിനു മുമ്പിലാണ് ഫാ. പോൾ പൂവ്വത്തിങ്കൽ വി. കുർബാനയുടെ പുതിയ താളക്രമങ്ങൾ അവതരിപ്പിച്ചത്. വി. കുർബാനയിലെ ഗാനശുശ്രൂഷയിൽ മിതമായ ഇൻസ്ട്രുമെൻസുകൾ



മാത്രം ഉപയോഗിച്ച് ഏവർക്കും ഒരുമിച്ച് പാടുവാൻ കഴിയുന്നവിധത്തിൽ മധ്യസ്ഥായിലാണ് താളം ചിട്ടപ്പെടുത്തിയിരിക്കുന്നത്. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പോളച്ചനെ അഭിനന്ദിക്കുകയും ഇത്തരത്തിലുള്ള പരിശ്രമങ്ങൾ സഭയ്ക്കുവേണ്ടി തുടരണമെന്നും അറിയിച്ചു.



# ഓരോ ജീവിതാന്തസും ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ്



ഡോ. മേരി റെജീന എഫ്.
പ്രഫസർ, കേരള കാർഷിക സർവ്വകലാശാല
& സീറോമലബാർ സഭാവക്താവ്

സ്വന്തം, ബന്ധം, മിത്രം എന്നീഗണങ്ങളിൽ പെടുന്നതും പെടാത്തതുമായ ഒരുപാടുപേർ ചേർന്ന് ശബ്ദമുഖരിതമാണ് നമ്മുടെ ജീവിതം. ഉറങ്ങുമ്പോൾ പോലും ചുറ്റുമുണ്ടാകും ജീവിതവ്യഥകൾ. ഡോക്ടറാകാനും എൻജിനീയറാകാനും വേണ്ടി നഴ്സറിയിൽ തുടങ്ങുന്ന പഠനമുറകൾ. ഇപ്പോൾ ഫാഷൻ ഒരല്പം മാറി തുടങ്ങിയിട്ടുണ്ട്. എന്തായാലും വേണ്ടില്ല നല്ലോണം പണം ഉണ്ടാക്കിയാൽ മതി എന്നായിട്ടുണ്ട് ഉപദേശങ്ങൾ. പ്രൈമറി ക്ലാസുകളിലെ ആഘോഷമായ ആദ്യകുർബാന സ്വീകരണം കഴിഞ്ഞാൽ അടുത്തതായി സ്വീകരിക്കാനുള്ള കൂദാശകൾക്കോ ജീവിതാന്തസുകൾക്കൊവേണ്ടി പ്രത്യേക ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നത് ചുരുക്കം. മതബോധന ക്ലാസുകൾ പോലും ഈ ഉദ്ദേശ ലക്ഷ്യത്തിലേക്ക് അടുപ്പിക്കുന്നത് ആകുന്നില്ല പലപ്പോഴും. ഓരോ ക്ലാസിലെയും പാഠക്രമങ്ങൾ പഠിച്ചു പഠിച്ചങ്ങനെ ബാല്യങ്ങൾ കൗമാരത്തിലേക്കും യുവത്വത്തിലേക്കും പ്രവേശിക്കുന്നു. കരിയർ ഗൈഡൻസ് ആവോളം ലഭിക്കുന്ന മക്കൾ അവർ തിരഞ്ഞെടുക്കുന്ന തൊഴിൽ മേഖലയിൽ മിന്നിത്തിളങ്ങുന്നു. ചില വിശുദ്ധരായ മാതാപിതാക്കളുടെ മക്കൾ ദൈവവിളി ക്യാമ്പുകളുടെ പ്രചോദനത്താൽ സമർപ്പിത ജീവിതം തിരഞ്ഞെടുക്കുന്നു. എന്നാൽ ജയാരവങ്ങൾ പലപ്പോഴും പെട്ടെന്ന് അവസാനിക്കുന്നു. പരാജയപ്പെട്ട ദാമ്പത്യങ്ങളുടെയും പുറത്തേക്കിറങ്ങുന്ന സമർപ്പിതരുടെയും എണ്ണത്തിലുള്ള വർദ്ധനവ് എന്തുകൊണ്ട്?

വർണ്ണശബളമായ സ്കൂൾ കാലഘട്ടം അവസാനത്തിലേക്ക് എത്തുമ്പോഴാണ് ജീവിതാന്തസ്സുകളുടെ തിരഞ്ഞെടുപ്പ് സാധാരണ നടക്കാറുള്ളത്. ആൾക്കൂട്ടവും ആരവങ്ങളും എപ്പോഴും അകമ്പടിയായി ഉണ്ടാകുന്ന ഈ കാലഘട്ടത്തിൽ ഒഴുക്കിനൊപ്പം നീന്തുവാനുള്ള പ്രവണതയാണ് അധികവും. ശബ്ദകോലാഹലങ്ങൾക്കിടയിൽ ചെവി ഓർക്കേണ്ട ഒരു ശബ്ദം പലപ്പോഴും വിസ്മരിക്കപ്പെടുന്നു എന്ന് ഫ്രാൻസിസ്പാപ്പ പറയുമ്പോൾ ഇത് സാർവ്വത്രിക സ്വഭാവം ആണെന്ന് തിരിച്ചറിയുന്നു. 'ക്രിസ്തുസ് വിവിതിൽ' ഒരു ക്രിസ്ത്യാനിയുടെ പ്രഥമ ദൈവവിളി ക്രിസ്തുവുമായുള്ള ഉറ്റ സൗഹൃദം ആണെന്ന് പാപ്പാ പറയുന്നു. പക്ഷേ ഈ സുഹൃത്തുമായി ആശയ വിനിമയം നടത്താൻ ഏകാന്തതയും നിശ്ശബ്ദതയും ആവശ്യമാണ്. എത്ര ചെറുപ്പക്കാരാണ് പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും അന്തരീക്ഷത്തിൽ ഭാവി തീരുമാനിക്കുന്നത്. പ്രാർത്ഥനാപൂർവ്വം സ്വീകരിക്കുന്ന ജീവിതം എന്നും ദൈവകൃപ നിറഞ്ഞതാകും. ഉത്തരവാദിത്ത പൂർണമായ ജീവിതം വെല്ലുവിളികൾ നിറഞ്ഞതാണ്. ഉത്തരവാദിത്തം ഇല്ലാത്ത ജീവിതം വളരെ എളുപ്പമാണ്. ഉത്തരവാദിത്തങ്ങൾ പലതാണ്. സൃഷ്ടാവ് സൂക്ഷിക്കുവാൻ വേണ്ടി നമ്മെ ഏൽപ്പിച്ച ഈ ഭൂമിയും അതിലെ സർവ്വ ജീവജാലങ്ങളും ഉണ്ട്. പുത്രൻ കുരിശിൽ കിടന്നുകൊണ്ട് ഏൽപ്പിച്ച അമ്മയും സഹോദരനും ഉണ്ട്. പരിശുദ്ധാത്മാവ് ഓരോ നിമിഷവും നമുക്കായി ഒരുക്കിയിരിക്കുന്ന ജീവിത കടമ്പകളുണ്ട്. ദൈവവിളി ഒരു തെരഞ്ഞെടുപ്പാണ്. അത് നമുക്കുവേണ്ടി മറ്റുള്ളവർക്ക് എടുക്കാവുന്ന ഒരു തീരുമാനം അല്ല. അത് ഞാൻ എനിക്കുവേണ്ടി തന്നെ എടുക്കുന്ന ഒരു ദൃഢനിശ്ചയമാണ്. എന്റെ ജീവിതം എന്തിനുവേണ്ടി ഉള്ളതാണ്? ദൈവത്തിന്റെ ഏതു പദ്ധതിയിൽ ആണ് എനിക്ക് നന്നായി പങ്കെടുക്കാൻ സാധിക്കുക?

ദൈവശുശ്രൂഷയ്ക്കും സർവ്വചരാചരങ്ങൾക്കും വേണ്ടി സ്വയം സമർപ്പിക്കാനുള്ള ഉൾവിളി, പ്രാർത്ഥനാപൂർണമായ ജീവിതം നയിക്കാനുള്ള സന്നദ്ധത, സഭാ പ്രബോധനങ്ങളോടും സഭാധികാരികളോടും അനുസരണത്തിൽ വർത്തിക്കാനുള്ള മനോഭാവം, ബ്രഹ്മചര്യ ജീവിതത്തിലൂടെ എല്ലാവർക്കുംവേണ്ടി എല്ലാമാകാനുള്ള തീക്ഷ്ണത, എന്നീ ഗുണങ്ങളുണ്ടെങ്കിൽ പരനും അപരനുവേണ്ടി ജീവിതം സമർപ്പിക്കാമെന്ന് തീരുമാനിക്കാം. ഇപ്പറഞ്ഞ സൂചകങ്ങളിലെല്ലാം നൂറിൽ നൂറ് മാർക്കില്ലെങ്കിലും 98 എങ്കിലും ഉണ്ടാകണം. മിച്ചമുള്ളത് തമ്പുരാൻ കൃപാവരത്താൽ നിറച്ചു കൊള്ളും. മറ്റാരെക്കാളും മറ്റെന്തിനെക്കാളും കൂടുതലായി തമ്പുരാനെ സ്നേഹിക്കാനുള്ള ശക്തമായ അഭിവാഞ്ജയാൽ നയിക്കപ്പെടുന്നവർ, ദൈവത്തെ പ്രതി എന്തും നഷ്ടപ്പെടുത്താനുള്ള ആവേശവും ദൈവത്തെ നഷ്ടപ്പെടാതിരിക്കാനുള്ള ജാഗ്രതയും കൈമുതലായി ഉള്ളവർ, നിരവധി സാധ്യതകളുടെ മധ്യേ ദൈവമെന്ന പരമമായ സാധ്യതയെ മാത്രം അചഞ്ചലമായി ആശ്ലേഷിക്കാൻ വെമ്പുന്ന വികാരം ഹൃദയത്തിൽ സൂക്ഷിക്കുന്നവർ. ആർക്കും നിത്യ ജീവൻ നഷ്ടപ്പെടാതിരിക്കാൻ ജീവന്റെ വചനം പ്രഘോഷിക്കാനും ജീവദായകമായ കൂദാശകൾ പരികർമ്മം ചെയ്യാനും ഔൽസുക്യം കാണിക്കുന്നവർ, തിരികെ എന്ത് കിട്ടുമെന്ന ചിന്തയോ അവകാശവാദമോ ഇല്ലാതെ കടമ നിർവഹണം ദൗത്യമായി കരുതുന്നവർ, സ്വന്തം അല്ലാത്തവരെയും സ്വന്തമല്ലാത്തവയേയും സ്നേഹിച്ചും ശുശ്രൂഷിച്ചും സംരക്ഷിച്ചും സമയമാകുമ്പോൾ അവരും അവയും തങ്ങളുടേത് അല്ലെന്ന് ബോധ്യപ്പെട്ട തെളിഞ്ഞ മനസ്സോടും ഒഴിഞ്ഞ കൈകളോടും വിവിധ ശുശ്രൂഷാരംഗങ്ങളിൽ നിന്നും ഒരുവേള ഈ ലോകത്തുനിന്നു പോലും പടിയിറങ്ങാൻ സങ്കോചം ഇല്ലാത്തവർ! ഇവിധമായ സത്വബോധം ഉള്ള, കർത്താവിന്റെ ഹൃദയത്തിന് ഇണങ്ങിയ സമർപ്പിതരെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ടെന്ന് യുവ സുഹൃത്തുക്കൾ മറക്കരുത്. ഈ ശുശ്രൂഷയുടെ മാറ്റ് കുറച്ചുകാണിക്കാൻ തത്രപ്പെടുന്നവർ എന്നുമുണ്ടായിരുന്നു. മനുഷ്യന്റെ സ്വാർത്ഥ ബുദ്ധിയിൽ ഉൾക്കൊള്ളാൻ സാധിക്കാത്ത ഒരു ജീവിതത്തെക്കുറിച്ച് എന്തിന് ആക്രോശിക്കുന്നു?



ഓരോ ജീവിതാന്തസും സർവോത്കൃഷ്ടമായ ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ്. പ്രായപൂർത്തിയാകുമ്പോൾ ശിശുസഹജമായ സംസാരവും ചിന്തയും വിചാരവും ഉപേക്ഷിച്ച് പക്വതയോടെ തിരഞ്ഞെടുക്കേണ്ട മാർഗ്ഗമാണിത്.

കത്തോലിക്കർക്ക് ഇവർ ശുഭ്രവസ്ത്രധാരികളായ വിപ്ലവകാരികൾ ആണ്. ചിലർ രക്തസാക്ഷികൾ ആയിട്ടുണ്ട്. ചിലർ വിശുദ്ധരും. ഭൂരിഭാഗവും ആരാലും ശ്രദ്ധിക്കപ്പെടാതെ കടന്നുപോയി. അവർ ശുശ്രൂഷിച്ചവർ, അവർ പഠിപ്പിച്ചവർ, അവർ മാറോടു ചേർത്തു പിടിച്ചവർ, അവരെ നന്ദിയോടെ ഓർക്കുന്നുണ്ടാകും. എന്നാലും കാലത്തിന്റെ യവനികയ്ക്കുള്ളിൽ അവർ വിസ്മരിക്കപ്പെടുന്നു. ഈ വിപ്ലവകാരികൾ ആണ് ഇവിടെ വിദ്യാഭ്യാസം സാർവത്രികം ആക്കിയത്. ഇവരാണ് വീടുവീടാന്തരം കയറിയിറങ്ങി ശുചിത്വവും ആരോഗ്യ പരിപാലനവും ശീലിപ്പിച്ചത്. ഈ വിപ്ലവകാരികൾ തന്നെയാണ് ആശുപത്രികളുടെ ശൃംഖല തീർത്ത് കേരളത്തിൽ ആയുസ്സും ആരോഗ്യവും വർധിപ്പിച്ചത്. ഇവർ നടത്തിയ വിപ്ലവമാണ് യഥാർത്ഥത്തിൽ നവോത്ഥാനം. അതെ, ഈ പടയാളികൾ ആണ് സമൂഹത്തിന്റെ ശരീരവും ആത്മാവും ആരോഗ്യത്തോടെ സൂക്ഷിക്കുന്ന വൈദികർ, സമർപ്പിത സഹോദരന്മാർ, സന്യാസികൾ തുടങ്ങിയവർ. കത്തോലിക്കാ സഭയുടെ ശക്തിയും ഊർജ്ജസ്രോതസ്സും ഈ മാലാഖമാർ ആണെന്ന് തിരിച്ചറിഞ്ഞ സഭാ ശത്രുക്കൾ ഇവർക്കെതിരെ പയറ്റുന്ന യുദ്ധമുറ എന്താണെന്നോ?

ബാഹ്യശക്തികൾക്ക് തകർക്കാൻ സാധിക്കാത്ത വിശുദ്ധിയുടെ കോട്ട ഈ മാലാഖമാർക്ക് ചുറ്റുമുണ്ട് എന്ന് തിരിച്ചറിഞ്ഞ് ശത്രുപക്ഷം യോദ്ധാക്കളെ കണ്ടെത്തുന്നത് ഈ കോട്ടകൾക്കുള്ളിൽ നിന്ന് തന്നെയാണ്. സമർപിത ജീവിതത്തിന്റെ തീക്ഷ്ണതക്ക് കുറവും കോട്ടവും തട്ടിയ ഒന്നോരണ്ടോ പേരെ വിശുദ്ധ കോട്ടക്കുള്ളിൽ നിന്ന് പുറത്തു ചാടിച്ചു അവരുടെ വികല ഭാവനക്കൊത്തവിധം കെട്ടുകഥകൾ മെനഞ്ഞ് പ്രചരിപ്പിച്ച് കുപ്രസിദ്ധിയുടെ മുൾക്കിരീടം ചൂടിക്കൽ ആണ് ഇവരുടെ രീതി ശാസ്ത്രം. ഇവർ പോലും അറിയാതെ ഇവരുടെ ജീവിതം ചിന്നഭിന്നമാക്കപ്പെടുന്നു. സമർപ്പിത ജീവിതത്തിന്റെ ആനന്ദം നഷ്ടപ്പെട്ടവർക്ക് മറ്റു വഴികൾ തിരഞ്ഞെടുക്കാൻ ആരും തടസ്സമല്ല. ക്രമാനുഗതമായിരിക്കണം എന്ന് മാത്രം. ക്രമമില്ലാത്ത ജീവിതം അരാജകത്വം അല്ലേ?

ഈ ലോകത്തിൽ നന്മകൾ ചെയ്തു ഏകസ്ഥരായി ജീവിക്കാൻ ആഗ്രഹിക്കുന്നവരും ചുരുക്കമല്ല. സമർപ്പിത ജീവിതവും കുടുംബജീവിതവും അനുയോജ്യം അല്ല എന്ന് സ്വയം തിരിച്ചറിയുന്നവർക്ക് അന്തസ്സോടെ ജീവിക്കാനുള്ള അവസരം ബന്ധുമിത്രാദികൾ ഒരുക്കേണ്ടതാണ്. സമൂഹം കൽപ്പിക്കുന്ന ചിട്ടവട്ടങ്ങൾ അനുസരിച്ചായിരിക്കണം വ്യക്തി-കുടുംബബന്ധങ്ങൾ. പണവും പദവിയും അല്ല നമ്മുടെ സ്ഥാനം നിശ്ചയിക്കുന്നത്. ജീവിതത്തിൽ സമൂഹത്തിനുള്ള സ്ഥാനം ഈശോ മനുഷ്യന്റെയും ദൈവത്തിന്റെയും പ്രീതിയിൽ വളർന്നു എന്ന ദൈവവചനത്തിൽ നിന്ന് വ്യക്തമാണ്. വിവാഹം എന്ന കൂദാശ സ്വീകരിക്കുന്നവർക്കും ഇപ്പറഞ്ഞത് ബാധകമാണ്. തങ്ങളുടെ മാതാപിതാക്കളുടെ ജീവിതം കണ്ടു പഠിച്ച് കുറവുകൾ നികത്തി മുന്നോട്ടു വളരേണ്ടതുണ്ട് അടുത്ത തലമുറ. ഗൂഗിൾ മാപ്പിലേതു പോലെ വളവും തിരിവും തടസ്സവും ഒന്നും മുൻകൂട്ടി പ്രവചിക്കാവുന്ന ഒന്നല്ല ദാമ്പത്യം. പരിശുദ്ധ പിതാവ് പറഞ്ഞിട്ടുള്ളതുപോലെ ചങ്കൂറ്റമുള്ള യുവതി-യുവാക്കൾ ഈ വെല്ലുവിളി ഏറ്റെടുക്കുക്കട്ടെ. ദാമ്പത്യം ഒരു സാഹസിക യാത്രയാണ്. പാമ്പും കോണിയും പോലുള്ള ഒരു രസകരമായ കളി. പ്രായം അധികരിക്കുമ്പോൾ മനസ്സും ജീവിതരീതികളും ചെറുപ്പമായി സൂക്ഷിക്കാൻ ഈ കളി വിശുദ്ധിയോടെ ആസ്വദിച്ചു കളിക്കേണ്ടതുണ്ട്. കള്ളത്തരങ്ങളും ചതിയും എള്ളോളം ഉണ്ടാകാൻ പാടില്ലാത്ത കൂദാശയാണ് വിവാഹം. ക്ഷമയും ദീർഘക്ഷമയും ദയയും സഹനവും വിശ്വസ്തതയും പ്രത്യാശയും ഉള്ളതും അസൂയയും ആത്മപ്രശംസയും അഹങ്കാരവും സ്വാർത്ഥതയും കോപവും വിദ്വേഷവും ഒട്ടും ഇല്ലാത്തതുമായ ഒരു അതിജീവന കഥയാണ് ഓരോ വിജയകരമായ ദാമ്പത്യവും.

ഓരോ ജീവിതാന്തസും സർവോത്കൃഷ്ടമായ ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ്. പ്രായപൂർത്തിയാകുമ്പോൾ ശിശുസഹജമായ സംസാരവും ചിന്തയും വിചാരവും ഉപേക്ഷിച്ച് പക്വതയോടെ തിരഞ്ഞെടുക്കേണ്ട മാർഗ്ഗമാണിത്. മാതാപിതാക്കൻമാരും ഗുരുസ്ഥാനിയരും ഉത്തമസുഹൃത്തുക്കളും ഒപ്പം ഉള്ളപ്പോഴും ദൈവസന്നിധിയിൽ ഒറ്റയ്ക്കായിരിക്കേണ്ട നിമിഷങ്ങളുണ്ട്. ഏകാന്തതയുടെയും ഏകാഗ്രതയുടെയും ആ നിമിഷങ്ങളിൽ ദൈവവുമായി ഉണ്ടാകുന്ന ഉടമ്പടിയുടെ ആഘോഷമായ ഉറപ്പിക്കലാണ് അൾത്താരയുടെ മുന്നിൽ സഭാ സമക്ഷം നടത്തേണ്ടത്. ദേവാലയ വാതിലുകളുടെ പുറത്ത് സുഖവും ദുഃഖവും സന്തോഷവും സന്താപവും കാത്തിരിക്കുന്നുണ്ട്. ഇതിനിടയിൽ ബാൽഷസർ രാജാവിന് മുൻപിൽ പ്രത്യക്ഷപ്പെട്ട ആ കൈവിരലുകൾ എന്റെ ഭിത്തിയിൽ എന്താണ് എഴുതുന്നതെന്നു തിരയേണ്ടതുണ്ട്. ആ കൈപ്പത്തിയുടെ ഉടമയെ നോക്കി നെടുവീർപ്പിട്ടും പരിഭവിച്ചും തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിച്ചും ആകണം ജീവിതം മുന്നോട്ടു പോകേണ്ടത്. ഫ്രാൻസിസ് മാർപാപ്പാ ഏറ്റവുമധികം ഉപയോഗിക്കുന്ന വാക്ക് സന്തോഷം എന്നുള്ളതാണ്. പാപ്പയുടെ ഓരോ പ്രബോധനവും എങ്ങനെ ജീവിതം ആനന്ദകരമായ ഉത്സവം ആക്കി മാറ്റാം എന്നുള്ളതിനെകുറിച്ചാണ്. ഓരോ ഉൽസവത്തിനും ആവേശം പകരാൻ ഉള്ള ചെണ്ടയും കുഴലും ഇലത്താളവും ഒക്കെയാണ് കുടുംബവും സഭയും സമൂഹവും. ഒരേ താളത്തിൽ കൊട്ടിക്കയറി ജീവിതം ആനന്ദപൂർവ്വം സൃഷ്ടാവിന് സമർപ്പിക്കാം.

## ഫരീദാബാദ് രൂപത പുതിയ ന്യൂസ് ബുള്ളറ്റിൻ ആരംഭിച്ചു

ഫരീദാബാദ് രൂപത

ഫരീദാബാദ്: ക്യാപിറ്റൽ ചർച്ച് വോയ്സ് (CCV News) എന്ന പേരിൽ രൂപതയിൽ പുതിയ ന്യൂസ് ബുള്ളറ്റിൻ ആരംഭിച്ചു. രൂപത പത്താം വാർഷികത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ന്യൂസ് ബുള്ളറ്റിൻ മാർച്ച് 19ന് പ്രവർത്തനം ആരംഭിച്ചു. ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണികുളങ്ങര ഫാ. ഫ്രിജോ തറയിലിന്റെ നേതൃത്വത്തിൽ യുവജനങ്ങളും മാധ്യമ പ്രവർത്തന മേഖലയിൽ പ്രാവീണ്യമുള്ള മറ്റ് വ്യക്തികളും ഉൾപ്പെടുന്ന ഒരു ടീമിനെ രൂപീകരിക്കുകയും അവരുടെ യോഗം വിളിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ചു കൊണ്ടുള്ള പല വാർത്തകളും രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സത്യം എന്താണ് എന്ന് ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വം സഭാ മക്കൾക്കുണ്ടെന്നും അതിനായി ഇത്തരം സംരംഭങ്ങൾ സഹായകരമാകുമെന്നും തദവസരത്തിൽ ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണികുളങ്ങര അഭിപ്രായപ്പെട്ടു. രൂപതയുടെയും സഭയുടെയും വാർത്തകൾ കൂടുതൽ കൃത്യതയോടുകൂടി മറ്റുള്ളവരിലേക്ക് എത്തിക്കാൻ ഇതുവഴി സാധിക്കുമെന്നും മലയാളത്തിൽ ആരംഭിക്കുന്ന ഈ ന്യൂസ് ബുള്ളറ്റിൻ പിന്നീട് ഇംഗ്ലീഷിലും ഹിന്ദിയിലും ലഭ്യമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ ന്യൂസ് ബുള്ളറ്റിൻ ട്രൂത്ത് ടൈഡിംഗ് എന്ന രൂപതയുടെ യൂട്യൂബ് ചാനൽ വഴി മാസത്തിൽ രണ്ടു പ്രാവശ്യം സംപ്രേക്ഷണം ചെയ്യുന്നതാണെന്ന് രൂപത പി.ആർ.ഓ. ഫാ. ജിന്റോ റ്റോം അറിയിച്ചു.




## പ്രകൃതിക്ഷോഭങ്ങൾ തകർത്ത ജീവിതങ്ങൾക്ക് തണലൊരുക്കി പാലക്കാട് രൂപതയിലെ രണ്ട് വൈദികർ

പാലക്കാട് രൂപത

പാലക്കാട്: പ്രകൃതിക്ഷോഭങ്ങളാൽ ഭവനരഹിതരായവർക്കും ജപ്തി ഭീഷണിയാൽ വിഷമിച്ചവർക്കും സ്വപ്നഭവനങ്ങളൊരുക്കി പാലക്കാട് രൂപതയിലെ രണ്ട് വൈദികർ. പാലക്കയം സെന്റ് മേരിസ് ഇടവക വികാരിയായ ഫാ. രാജു പുളിക്കത്താഴെ, ചീനിക്കപ്പാറ സെന്റ് തോമസ് ഇടവക വികാരിയായ ഫാ. ടോണി കോഴിപ്പാടൻ എന്നീ വൈദികരുടെ നിശ്ചയദാർഢ്യവും സുമനസുകളുടെ കാരുണ്യവുമാണ് 48 കുടുംബങ്ങൾക്ക് തണലേകിയത്. പാലക്കാട് രൂപതാ ബിഷപ് മാർ ജേക്കബ് മനത്തോടത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന കൃതജ്ഞതാ ദിവ്യബലിക്കു ശേഷം വീടുകളുടെ താക്കോൽദാന കർമ്മവും ബിഷപ് നിർവഹിച്ചു. നിരവധി സുമനസ്സുകളുടെ സഹായവും വിദേശ സഹായവും സ്വപ്ന ഭവനങ്ങളുടെ നിർമ്മാണത്തിനായി ലഭ്യമായിട്ടുണ്ട്. പാലക്കാട് രൂപത, വിൻസന്റ് ഡി പോൾ സൊസൈറ്റി, വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ, സി. എം. ഐ സഭ, ജോയ് ആലുക്കാസ് ഗ്രൂപ്പ്, സ്വദേശത്തും വിദേശത്തുമുള്ള ഉപകാരികൾ എന്നിവരുടെയെല്ലാം സാമ്പത്തിക പിന്തുണ സംരംഭത്തിനു ലഭിച്ചു. ഇടവക ജനങ്ങളുടെ കൂട്ടായ സഹകരണവും ശ്രമദാനപ്രവർത്തനങ്ങളും ഓരോ നിർമ്മാണ പ്രവർത്തനത്തിലും ഉണ്ടായിരുന്നു. പ്രാർഥനയുടെയും ആത്മവിശ്വാസത്തിന്റെയും സത്യസന്ധതയുടെയും ഫലമായി വലിയൊരു ദൗത്യപൂർത്തീകരണത്തിന്റെ നിർവൃതിയിലാണ് രണ്ടു വൈദികരും.





## മാർ ആനികുഴിക്കാട്ടിലിന്റെ ഒന്നാം ചരമ വാർഷികം

ഇടുക്കി രൂപത

ഇടുക്കി: രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ ഒന്നാം ചരമവാർഷികം വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ മെയ് ഒന്നിന് നടക്കും. ഏപ്രിൽ 18 മുതൽ 13 ദിവസം ഇടുക്കി രൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ കബറിടം സന്ദർശിച്ചു പ്രാർഥനാ ശുശ്രൂഷകൾ നടത്തും. 23–ന് രൂപതയിൽ പ്രോ–ലൈഫ് മിഷൻ ദിനമായി ആചരിച്ചു. ഇതിന്റെ ഭാഗമായി രൂപതയിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളെ ആദരിച്ചു. 27ന് കർഷക ദിനമായി ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് തോപ്രാംകുടി മരിയ ഗൊരോത്തി പാരിഷ് ഹാളിൽ വച്ച് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അനുസ്മരണ കർഷക സിമ്പോസിയം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ ഒന്നാം ചരമ ചരമവാർഷികദിനമായ മെയ് ഒന്നിന് രാവിലെ 10 മണിക്ക് വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദേവാലയത്തിൽ ദിവ്യബലി അർപ്പണവും പ്രത്യേക അനുസ്മരണ ശുശ്രൂഷകളും




നടക്കും. ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ മുഖ്യകാർമികത്വം വഹിക്കും. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കർശന നിയന്ത്രണങ്ങളോടെ ആയിരിക്കും തുടർന്നുള്ള അനുസ്മരണ യോഗവും മറ്റു പരിപാടികളും നടത്തപ്പെടുന്നത്.

## വൈദിക വിദ്യാർത്ഥികൾ മൈനർ ഓർഡേഴ്സ് സ്വീകരിച്ചു

KALYAN EPARCHY



കല്യൺ: രൂപതാ അധ്യക്ഷൻ മാർ തോമസ് ഇലവനാൽ പിതാവിൽ നിന്നും രൂപതയിലെ വൈദിക വിദ്യാർത്ഥികൾ വൈദിക വസ്ത്രവും കാറോയ, ഹെവ്പദ് യാക്കോന, മ്ശംശാന പട്ടങ്ങളും സ്വീകരിച്ചു. 2021 ഏപ്രിൽ 16ന് നടന്ന തിരുക്കർമ്മങ്ങളിൽ മൈനർ സെമിനാരി റെക്ടർ റവ. ഫാ. ജേക്കബ് പൊറത്തുർ ആർച്ച് ഡീക്കനും രൂപതാ ചാൻസലർ റവ. ഫാ. ജോജു അറയ്ക്കൽ സഹകാർമ്മികനുമായിരുന്നു. 2 സഹോദരന്മാർ വൈദിക വസ്ത്രവും, 8 സഹോദരന്മാർ കാറോയ പട്ടവും, 6 സഹോദരന്മാർ ഹെവ്പദ്യാക്കോന പട്ടവും, 2 സഹോദരന്മാർ മ്ശംശാന പട്ടവും സ്വീകരിച്ചു. തിരുകർമ്മങ്ങൾ രൂപതയുടെ പാസ്റ്ററൽ സെന്ററായ ARC പനവേലിൽ വച്ചാണ് നടന്നത്. രൂപത പ്രൊക്കുറേറ്റർ റവ. ഫാ. ജോർജ് വട്ടമറ്റം, റവ. ഫാ. ലിജു കീറ്റിക്കൽ എന്നിവരടക്കം ഏതാനും വൈദികരും പങ്കെടുത്തു. റവ. ഫാ. ജോജിറ്റ് കൂട്ടുങ്കൽ എം. സി. ആയിരുന്നു.

JAGDALPUR EPARCHY

## Consecration of St. Don Bosco Church at Kutni in the Eparchy of Jagdalpur



Jagdalpur: The newly built St. Don Bosco Church at Kutni was consecrated on 2 February 2021 on the feast of the presentation of Jesus at the temple. This parish church in one of the remotest villages of the eparchy was built by the leadership of Rev. Fr. Alan Nelluvelil, the parish priest seeking the wholehearted support of generous benefactors and with the hard work and sacrifice of parishioners. The ceremony was attended by many priests, religious and faithful all over the eparchy. On this memorable day, 35 children received confirmation and the First Holy Communion. Mar Joseph Kollamparambil CMI highlighted the importance of Church and Christ-centered life while appreciating the efforts of the parish priest and the parishioners in his homily.



കോട്ടയം
അതിരൂപത

# കാർട്ട് മെന്റേഴ്സ് ദിനാചരണവും പരിശീലനവും

കോട്ടയം: ക്നാനായ യുവതീയുവാക്കൾക്ക് മൂല്യാധിഷ്ഠിത ജീവിത ദർശനം നല്കുന്നതിനും മെച്ചപ്പെട്ട ജീവിത നേട്ടങ്ങൾക്ക് വഴിയൊരുക്കുന്നതിനുമായി കോട്ടയം അതിരൂപതയിൽ രൂപീകരിച്ചിരിക്കുന്ന ക്നാനായ അക്കാദമി ഫോർ റിസേർച്ച് ആൻഡ് ട്രെയിനിംഗിന്റെ നേതൃത്വത്തിൽ മെന്റേഴ്സ് ദിനാചരണവും പരിശീലനവും സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണം കോട്ടയം അതിരൂപത സഹായ മെത്രാൻ ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു. കാർട്ട് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷനായിരുന്നു. കാർട്ട് അക്കാദമിക് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, ഫാ. ജോയി കട്ടിയാങ്കൽ എന്നിവർ പ്രസംഗിച്ചു. എങ്ങനെ നല്ല പരിശീലകരാകാം എന്ന വിഷയത്തിൽ എം.ജി യൂണിവേഴ്സിറ്റ് സെനറ്റ് അംഗവും കാർട്ട് മെന്ററുമായ ഡോ. അജിത് ജെയിംസ് ക്ലാസ്സ് നയിച്ചു. വേദിക് ഐ.എ.എസ് അക്കാദമിയുമായി സഹകരിച്ച് കാർട്ട് നടപ്പിലാക്കുന്ന സിവിൽ സർവ്വീസ് ഉൾപ്പടെയുള്ള ഉന്നതതല മത്സരപരീക്ഷകൾക്കായുള്ള പരിശീലനത്തിന്റെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. കൂടാതെ ക്നാനായ സ്റ്റാർസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൊറോണ പശ്ചാത്തലത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാനുള്ള നിർദ്ദേശങ്ങൾ ആരായുകയും കർമ്മപദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. 21 മെന്റേഴ്സ് പങ്കെടുത്തു.



SYRO MALABAR
APOSTOLIC VISITATION
EUROPE

# ഫെയ്ത്ത് ഹബ്ബ് ആരംഭിച്ചു

യൂറോപ്പ്: യൂത്ത് അപ്പോസ്റ്റലേറ്റ് യൂറോപ്പിന്റെ ആഭിമുഖ്യത്തിൽ യൂറോപ്യൻ രാജ്യങ്ങളിലുള്ള SMYM - (സീറോമലബാർ യൂത്ത് മൂവ്മെന്റ്) കുട്ടികൾക്കായി - ഫെയ്ത് ഹബ്ബ് എന്ന ഓൺലൈൻ ചോദ്യോത്തര പരിപാടി 2021 ഫെബ്രുവരി മുതൽ ആരംഭിച്ചു. വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ കുട്ടികൾക്ക് തങ്ങളുടെ വിശ്വാസ സംബന്ധിയായ സംശയനിവാരണത്തിനുള്ള വേദിയാണ് ഫെയിത്ത് ഹബ്ബ്. എല്ലാ മാസവും നാലാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണി (GMT) ക്ക് സൂം ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് ഫെയ്ത് ഹബ്ബ് നടക്കുന്നത്. ഓരോ മാസവും തെരഞ്ഞെടുക്കപ്പെട്ട വിശ്വസ സംബന്ധമായ വിഷയങ്ങളാണ് ഫെയ്ത് ഹബ്ബ് വിശകലനം ചെയ്യുന്നത്. ഫെയ്ത്ത് ഹബ്ബ് കഴിഞ്ഞ രണ്ടു സെഷനുകളിലായി ഏകദേശം 23 യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും 400 ഓളം കുട്ടികൾ പങ്കെടുത്തു. ഫെയ്ത്ത് ഹബ്ബ് ഒന്നാം സെഷനിൽ ബിബ്ലിക്കൽ ഫാക്ട്സ് വിഷയത്തിൽ റവ. ഡോക്ടർ മൈക്കിൾ കാരിമറ്റവും, രണ്ടാം സെഷനിൽ സയൻസ് ആൻഡ് റിലീജിയൻ എന്ന വിഷയത്തിൽ റവ. ഡോക്ടർ അഗസ്റ്റിൻ പാബ്ലാനിയും കുട്ടികളുടെ ചോദ്യങ്ങൾക്ക് വസ്തുനിഷ്ഠാപരമായി സംശയനിവാരണം നടത്തി. എല്ലാ ഫെയ്ത്ത് ഹബ്ബ് സെഷനുകൾക്ക് ശേഷവും അതാത് SMYM യൂണിറ്റുകളിൽ യൂത്ത് ആനിമേറ്റർമാരുടെ നേതൃത്വത്തിൽ യുവജനങ്ങൾ ഒന്നിച്ച് ചർച്ച ചെയ്ത് തങ്ങൾക്ക് ലഭിച്ച അറിവുകൾ ഒരു വീഡിയോ രൂപത്തിൽ അവതരിപ്പിക്കുന്നു. ഫെയിത്ത് ഹബ്ബ് സെഷനുകളുടെ വീഡിയോകൾ SMYM യൂട്യൂബ് ചാനലിലിലും ലഭ്യമാണ്. യൂറോപ്പ് അപ്പോസ്തോലിക് വിസിറ്റേറ്റർ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്തിന്റെ ആത്മീയ നേതൃത്വത്തിലും ഫാ. ബിനോജ് മുളവരിക്കലിന്റെ നേതൃത്വത്തിലും രൂപംകൊണ്ട ഫെയ്ത് ഹബ്ബ് വിശ്വാസ സംബന്ധിയായ സംശയനിവാരണത്തിന് ഉത്തമ വേദിയായി നിലകൊള്ളുന്നു.

മാനന്തവാടി
രൂപത

# സൗജന്യ കോവിഡ് പ്രതിരോധ കുത്തിവെപ്പ് മെഗാക്യാമ്പ്

മാനന്തവാടി: സുവർണ്ണ ജൂബിലി വർഷത്തിൽ മാനന്തവാടി സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിന്റെ 50ഇന ജൂബിലി പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് ഡിസ്ട്രിക്ട് ഹെൽത്ത് അഡ്മിനിസ്ട്രേഷന്റെ സഹായത്തോടെ നടത്തുന്ന കോവിഡ് - 19ന് എതിരെയുള്ള റാപിഡ് കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാമിന്റെ ജില്ലാതല ഉദ്ഘാടനം മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് തവിഞ്ഞാൽ സെന്റ് തോമസ് യു. പി. സ്കൂളിൽവച്ചു നിർവ്വഹിച്ചു. തവിഞ്ഞാൽ കത്തോലിക്കാ കോൺഗ്രസ്, SWS, KCYM എന്നീ സംഘടനകളുടെ സഹായത്തോടെ നടത്തിയ മെഗാ ക്യാമ്പിൽ ആശുപത്രി ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ, വി



കാരി ഫാ. ആന്റോ മമ്പള്ളി, അസി. ഡയറക്ടർ ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എൽസി ജോയി, പഞ്ചായത്ത് മെമ്പർ ശ്രീ. പി. കെ. ഗോപി, വാക്സിനേഷൻ പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ. ജോൺസൻ, ശ്രീ. ജോസ് കുറുമ്പാലക്കാട്ട് എന്നിവർ പ്രസംഗിച്ചു. നിലവിൽ കോവിഡ്-19ന് എതിരെയുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ പൈലറ്റ് പ്രൊജക്റ്റ് ആയി ഈ കമ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാമിനെ വിലയിരുത്തുന്നു. ആദ്യ ഷെഡ്യൂളിൽ തിരഞ്ഞെടുത്തിരിക്കുന്ന 7 സ്ഥലങ്ങളിൽ ആണ് വാക്സിനേഷൻ ലഭ്യമാക്കുക. 45 വയസിനു മുകളിൽ പ്രായമുള്ള 350 മുതൽ 400 വരെ ആളുകൾക്ക് സൗജന്യമായി ഓരോ ദിവസവും വാക്സിൻ നൽകുന്നു.

ഷംഷാബാദ്
അതിരൂപത

# ദൈവവിളി വാരാചരണത്തിന് തുടക്കമായി

ഷംഷാബാദ്: ഷംഷാബാദ് രൂപതയുടെ വൊക്കേഷൻ ഡിപ്പാർട്മെന്റും ചിൽഡ്രൻസ് മിനിസ്ട്രയും ചേർന്നു ലോക ദൈവവിളി വാരത്തോട് അനുബന്ധിച്ചു ദൈവവിളി വാരാചരണം നടത്തി. ഷംഷാബാദ്



മിഷൻ രൂപതയിലേക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും ദൈവവിളികൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും, അതിനായി അധ്വാനിക്കുന്നവരെ അനുസ്മരിക്കുവാനും വേണ്ടി ഈ വാരം പ്രത്യേകം മാറ്റിവച്ചിരിക്കുന്നു. 2021 ഏപ്രിൽ മാസം പതിനെട്ടാം തീയതി രൂപതയിലെ ചെറുപ്പട്ടങ്ങൾ നൽകുന്നതിനോട് അനുബന്ധിച്ചു രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം നിർവഹിച്ച ഈ വാരാചരണം ഇരുപത്തിയഞ്ചാം തിയതി സമാപിക്കും. രൂപത വൊക്കേഷൻ പ്രൊമോട്ടർ ഫാ. വിപിൻ ചെറിയപറമ്പിൽ, ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. ലിയോ വെമ്പിൽ, രൂപതാ ദൈവശാസ്ത്ര വിദ്യാർഥികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

രാമനാഥപുരം
രൂപത

# പ്രതിഷേധം രേഖപ്പെടുത്തി



രാമനാഥപുരം: ഉത്തരേന്ത്യയിൽ സന്യസ്തർക്കെതിരെ നടന്ന ആക്രമണത്തെ അപലപിച്ച് രാമനാഥപുരം രൂപതയിലെ വൈദീകരും സന്യസ്തരും അൽമായരും ഹോളി ട്രിനിറ്റി കത്തീഡ്രൽ ദേവാലയത്തിൽ രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ടിന്റെ നേതൃത്വത്തിൽ പ്രതിഷേധസമ്മേളനം നടത്തി. ഇന്ത്യയുടെ മതേതരത്വത്തിന് വെല്ലുവിളി ഉയർത്തുന്ന ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ നടപടി ഉണ്ടാകണം എന്ന് യോഗം അഭിപ്രായപ്പെട്ടു.

ADILABAD
EPARCHY

# 'Deeksha' - a Special Lenten Spiritual Exercise

Adilabad: The faithful of the Eparchy of Adilabad gathered in large numbers to participate in the way of the cross imitating Christ in his suffering and passion during Lent. A good number of faithful from every parish and mission station took 'Deeksha' - a special lenten spiritual exercise by practicing fasting and abstinence, eating only one meal a day and wearing an only white dress, and sleeping





in the church compounds where ever possible. All who took Deeksha concluded it with the way of the cross on Good Friday.

The Eparchy has three major places to conduct the way of the Cross. Following the Covid-19 protocols, this year the faithful gathered in large numbers at these places. While addressing the faithful gathered at Bokklagutta hill on the day of the way of the cross, Mar Prince Antony Panengadan proclaimed the message of salvation that Christ Jesus gained for us through his suffering, passion, and death. The faithful with deep devotion, piety, and contrition in their hearts, imitated Jesus in his suffering and passion by walking barefoot on the thorny way to the top of the mountains, experiencing the redemptive salvation in their lives.





ഹൊസൂർ
രൂപത

# വൈദികവസ്ത്രം സ്വീകരിച്ചു



ഹൊസൂർ: ഹൊസൂർ രൂപതയ്ക്ക് വേണ്ടി വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന ബ്രദർ ജോസഫ് പുത്തൻപുരയ്ക്കൽ, ബ്രദർ ജോഷിൻ കൊക്കൻ, ബ്രദർ ജിജിമോൻ മാളിയേക്കൽ എന്നിവർ വൈദികവസ്ത്രം സ്വീകരിച്ചു. ബ്രദർ റോജിൻസ് നമ്പ്യാർകുളത്തിൽ ഡീക്കൻ പട്ടവും, ബ്രദർ ടിജോ ചന്ദ്രവിരുതിൽ, ബ്രദർ അഭിഷേക് മൊയലൻ, ബ്രദർ സോനു, ബ്രദർ സുമൻ എന്നിവർ സബ് ഡീക്കൻ പട്ടവും, ബ്രദർ അബിൻ പൈനാടത്ത് കാറോയ പട്ടവും ഏപ്രിൽ 17 ശനിയാഴ്ച രാവിലെ 10.30നു സെന്റ് ആന്റണീസ് കത്തീഡ്രലിൽ വച്ച് സ്വീകരിച്ചു. ഹൊസൂർ രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

ഛാന്ദാ
രൂപത

# ഛാന്ദായുടെ 'പൗലോസ് അപ്പസ്തോലൻ' ഇനി ജ്വലിക്കുന്ന ഓർമ്മ



ഛാന്ദാ: ഛാന്ദാ രൂപതയിലെ മിഷനറി വൈദികനായിരുന്ന ഫാ. ജോർജ് കനീഷ്യസ് കച്ചിറമറ്റം (സി എം ഐ) ഓർമ്മയായി. 1936ൽ പാലാ രൂപതയിലെ രാമപുരം ഇടവകയിൽ ആണ് ഫാ. കനീഷ്യസ് ജനിച്ചത്. 1964 ൽ തിരുപ്പട്ടം സ്വീകരിച്ച അച്ചൻ 1966 മുതൽ ഛാന്ദാ രൂപതയിലെ മിഷൻ പ്രവർത്തന രംഗത്ത് സജീവസാന്നിധ്യം ആയിരുന്നു. വറൂർ, പാട്ടഗുഡ, ശേങ്കാവ്, വണി, ജീവതി എന്നീ മിഷൻ സെന്ററുകൾ രൂപീകരിക്കുന്നതിൽ അദ്ദേഹം മുഖ്യപങ്കുവഹിച്ചു. കൂടാതെ വീരുർ, കൊപ്രേലി, അള്ളാപ്പള്ളി, ഗോമിനി എന്നീ മിഷൻ മേഖലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇവിടങ്ങളിലെല്ലാം തന്നെ ദാരിദ്ര്യനിർമാർജനത്തിന് അദ്ദേഹം നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. അന്നാട്ടിലെ ആദിവാസികളുടെയും പാവങ്ങളുടെയും രോഗികളുടെയും ഒറ്റപ്പെട്ടു കഴിയുന്നവരുടെയും വയോധികരുടെയും ഉറ്റതോഴനും നിത്യസന്ദർശകനുമായിരുന്ന അദ്ദേഹത്തെ 'കാൽനട സഞ്ചാരിയായ മിഷനറി' എന്നും വിളിച്ചിരുന്നു. മിഷൻ പ്രദേശങ്ങളിലെ ജനങ്ങളുടെ വിദ്യാഭ്യാസത്തിനും പുരോഗതിക്കും വലിയ പ്രാധാന്യം നൽകിയ വ്യക്തിയായിരുന്നു ഫാ. ജോർജ് കനീഷ്യസ്.

ഛാന്ദാ രൂപതയുടെ ബെസ്റ്റ് മിഷനറി അവാർഡ്, സീറോമലബാർ സഭയുടെ റിസർച്ച് സെന്റർ പുരസ്കാരം എന്നിങ്ങനെ നിരവധി അവാർഡുകൾക്ക് അദ്ദേഹം അർഹനായി. സംസ്കാര ശുശ്രൂഷകൾ രാമപുരത്തുള്ള അമനകര സിഎംഐ ഭവനിൽ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമികത്വത്തിലും മാർ ജോസഫ് കുന്നത്തിന്റെ സഹകാർമികത്വത്തിലും നടന്നു.

മാണ്ഡ്യ
രൂപത

# Commission for Religious




Mandya: Mandya Eparchial Commission for Religious brings together leaders of various congregations of men and women - Religious - working under the eparchy of Mandya. The first conference of this commission was held on 7 April 2021 at the Bishop's House. There were 27 members from various congregations. Mar Sebastian Adayantharath in his address, emphasized that in the present scenario, the missionaries are expected to be the effective tools in the ministry of the Lord rather than merely cooperating with the eparchy. Fr. Dr. Varghese Kelamparambil CMI presented the challenges and expectations faced by the religious missionaries today in his talk. A discussion was conducted on the topic presented. Sr. Joice Mariya CMC led the prayer service in the beginning. Vicar General Msgr. Thomas Thennattil welcomed everyone at the conference. The chancellor Rev. Dr. Jomon Kolencherry CMI offered the vote of thanks.

# ഗ്രേറ്റ് ബ്രിട്ടൺ രൂപതയുടെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ സംഗമം നടത്തി

ഗ്രേറ്റ് ബ്രിട്ടൺ
രൂപത

പ്രിസ്റ്റൺ: ഗ്രേറ്റ് ബ്രിട്ടൺ രൂപതയുടെ മൈഗ്രന്റ്സ് കമ്മിഷന്റെയും യൂത്ത്, ഇവഞ്ചലൈസേഷൻ കമ്മിഷനുകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഗ്രേറ്റ് ബ്രിട്ടണിലെ വിവിധ യൂണിവേഴ്സിറ്റികളിൽ പഠനത്തിനായി എത്തിയിട്ടുള്ള വിദ്യാർത്ഥികൾക്കായി 'പേൾ ഗാലാ' സംഗമം നടന്നു. മാർച്ച് 28 ഓശാന ഞായർ വൈകിട്ട് 7 മുതൽ 9 വരെ നടന്ന സൂം വഴിയുള്ള സംഗമം രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ ഉദ്ഘാടനം ചെയ്തു. വളരെ വലിയ പ്രതീക്ഷകളുമായി ബ്രിട്ടണിലേക്ക് പഠനത്തിനായി എത്തിയിട്ടുള്ള എല്ലാ യുവതീയുവാക്കളെയും അഭിവന്ദ്യ പിതാവ് രൂപതാ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തു. വർഷങ്ങൾക്ക് മുൻപ് ഒരു വിദ്യാർത്ഥിയായി ബ്രിട്ടണിൽ വന്നിട്ടുള്ള തനിക്ക് ഒരു വിദ്യാർത്ഥിയായി ഇവിടെ ജീവിക്കുമ്പോൾ ഉള്ള പ്രയാസങ്ങൾ അറിയാമെന്നും ആയതിനാൽ രൂപതയിലെ വിവിധ മിഷനുകൾ വഴി സാധിക്കുന്ന എല്ലാ സഹായങ്ങളും നൽകാമെന്നും അറിയിച്ചു.




യൂറോപ്യൻ അപ്പസ്തോലിക് വിസിറ്റേഷനിലെ യൂത്ത് ഡയറക്ടറും ഗാനരചയിതാവും ധ്യാനഗുരുവുമായ ഫാ. ബിനോജ് മുളവരിക്കൽ ക്ലാസ് നയിച്ചു. തന്റേതായ സംഗീതവഴികളിലൂടെ ആത്മീയതയുടെ പുതിയൊരു ലോകത്തേക്ക് അദ്ദേഹം വിദ്യാർത്ഥികളെ നയിച്ചു. ബ്രിട്ടണിലെ പഠനത്തിനിടയിലും ഓരോ വിദ്യാർത്ഥിയും നിലകൊള്ളേണ്ട ജീവിതാവസ്ഥകളിലേക്കും അദ്ദേഹം വെളിച്ചം വീശി. മൈഗ്രന്റ്സ് കമ്മീഷൻ ചെയർമാൻ ഫാ. ആൻഡ്രൂസ് ചെതലൻ ഏവരേയും സ്വാഗതം ചെയ്തു. യൂത്ത് കമ്മീഷൻ ചെയർമാൻ ഫാ. ഫാൻസ്വാ പത്തിൽ, ഇവഞ്ചലൈസേഷൻ കമ്മീഷൻ ചെയർമാൻ സി. ആൻ മരിയ എസ്.എച്ച്., റീജിയണൽ ഡയറക്ടർമാരായ ഫാ. ജോബിൻ കൊഷാക്കൽ, ഫാ. ജോർജ് എട്ടുപാറ എന്നിവർ നേതൃത്വം നൽകി. മഞ്ചെസ്റ്ററിൽ നിന്നുള്ള വിദ്യാർത്ഥി കൂടിയായ ഡെന്നിസ് അബ്രഹാം, ഹഡ്ഡേർസ്ഫീൽഡ് വിദ്യാർത്ഥി വിനു ജോസഫ് എന്നിവർ പ്രസംഗിച്ചു. മണിമുത്തുകളുടെ കാർണിവൽ എന്നർത്ഥം വരുന്ന ഈ സംഗമത്തിൽ സൂമിലൂടെയും യൂട്യൂബിലൂടെയും മുന്നൂറിൽ പരം വിദ്യാർത്ഥികൾ ലൈവ് ആയി പങ്കെടുത്തു.

# വിശ്വാസത്തിന്റെ നല്ലയിടയർ

മിസ്സിസ്സാഗ
രൂപത

മിസ്സിസാഗ: കാനഡ സീറോമലബാർ രൂപതയിൽ ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങളുടെ ഭാഗമായി വിശ്വാസത്തിന്റെ നല്ലയിടയർ (Shepherds of Faith) എന്ന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. അതിവിശാലമായ കനേഡിയൻ മണ്ണിന്റെ വിദൂരങ്ങളിൽ ചിതറി പാർക്കുന്ന മലയാളികുടുംബങ്ങൾക്കും പഠനത്തിനെത്തുന്ന ചെറുപ്പക്കാർക്കും വിശ്വാസജീവിതത്തിൽ ആവശ്യമായ സാഹചര്യമൊരുക്കുക എന്നതാണ് പ്രധാനലക്ഷ്യം. വിശുദ്ധ കുർബാന കാണുന്നതിനോ മറ്റുകൂദാശകൾ സ്വീകരിക്കുന്നതിനോ സാധിക്കാതെ വരുന്ന സാഹചര്യങ്ങളുണ്ട്. കുട്ടികൾക്ക് വിശ്വാസ പരിശീലനം നൽകാൻ കഴിയാതെ ബുദ്ധിമുട്ടുന്ന മാതാപിതാക്കൾ നിരവധിയുണ്ട്. അനുദിനം ഉയർന്നുവരുന്ന ഇത്തരം വെല്ലുവിളികൾ പരിഹരിക്കാനും ആഴ്ചയിൽ ഒരുപ്രാവശ്യമെങ്കിലും വൈദികരെ എത്തിച്ച് ഈ ആത്മീയ പ്രതിസന്ധിയെ മറികടക്കാനുമുള്ള രൂപതയുടെ ഈ പരിശ്രമമാണിത്. വിശ്വാസത്തിന്റെ നല്ലയിടയർ എന്ന കൂട്ടായ്മയിലൂടെ അൽമായർ തങ്ങളുടെ സമയവും സാമ്പത്തികവുമെല്ലാം ഇതിനായി മാറ്റിവച്ചുകൊണ്ട് ഈ പ്രേഷിതവേലയിൽ പങ്കുചേരുന്നു.

പ്രേഷിതവേല ക്രൈസ്തവ ജീവിതത്തിന്റെ ദൗത്യമാണെന്ന ബോധ്യത്തിൽ ക്രിസ്തീയ വിശ്വാസമൂല്യങ്ങൾ സമൂഹത്തിലും കുടുംബങ്ങളിലും പകർന്നു നല്കുവാനുള്ള പരിശ്രമമാണിത്. ക്രിസ്തുവിന്റെ പ്രേഷിതവേലയിൽ പങ്കുചേരലാണിത്. ക്രിസ്ത്യൻ മിഷിനറി പ്രവർത്തനങ്ങൾ പുരോഹിതരിലും, സന്യസ്തരിലും മാത്രം ഒതുങ്ങേണ്ട ഒന്നല്ലെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഓരോ വിശ്വാസിയും തങ്ങളുടെ ജീവിതപരിസരങ്ങളിൽ നിന്നുകൊണ്ട് മിഷൻ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കൂട്ടായ്മയാണിത്.





UJJAIN
EPARCHY

# Meeting of the Religious Heads in Ujjain

Ujjain: A meeting of all the religious heads of Ujjain city was held in Bishop's House, Ujjain on 30 January 2021. The meeting was held in view of the world peace day celebration and the martyrdom of the father of our nation Mahatma Gandhi. On that occasion heads of different religions and religious sects were present and the message of the Holy Father on world peace day was read by Bishop Sebastian Vadakkel. The Dharmadhikari of Ujjain Pandit





Narayan Ji Upadhyay, The head of the Valmiki Samaj Umeshnad Ji Balyogiaharaj, the Shahar Kaji Janab Kalikurrehman Sahab, the head of the Bohra community Janab Kutub Fatemi Sahab, the head of the Sikh community Jathedar Surendra Singh Arora Ji, Rama Dal Akhada Ke Mahant Ramashvardas Ji and Praja Pitha Brahmakumari Maha Sangh Ki Didi Lakshmi, etc. spoke on the occasion and prayed for peace and harmony among nations and peoples. It's an inter-religious meeting held by the Eparchial Dialogue Centre, Samanvay every year.

ചങ്ങനാശേരി
അതിരൂപത

# അടുത്ത മന്ത്രിസഭയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുക്കണമെന്ന്: ചങ്ങനാശ്ശേരി അതിരൂപതാ ജാഗ്രതാസമിതി

ചങ്ങനാശ്ശേരി: കേരളത്തിലെ അടുത്ത മന്ത്രിസഭയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാന മുഖ്യമന്ത്രി ഏറ്റെടുക്കണമെന്ന് ചങ്ങനാശ്ശേരി അതിരൂപത പബ്ലിക് റിലേഷൻസ് - ജാഗ്രതാ സമിതി അഭിപ്രായപ്പെട്ടു. കഴിഞ്ഞ രണ്ട് മന്ത്രിസഭകളുടെ കാലത്ത് ന്യൂനപക്ഷ ക്ഷേമ വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരമൊരു ആവശ്യം അതിരൂപത ജാഗ്രതാ സമിതി ഉന്നയിച്ചിരിക്കുന്നത്. ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും ഫണ്ട് വിനിയോഗത്തിലുമുള്ള 80:20 അനുപാതം, ന്യൂനപക്ഷ കമ്മീഷൻ നിയമത്തിൽ 2017ൽ വരുത്തിയ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട ഭേദഗതികൾ, ക്ഷേമ വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥ നിയമങ്ങളിലെ അപാകതകൾ തുടങ്ങി നിരവധി വിഷയങ്ങൾ കഴിഞ്ഞ കുറെനാളുകളായി ചർച്ചയായിരുന്നു. അടുത്ത മന്ത്രിസഭാ കാലഘട്ടത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യവും വിവേചന രഹിതവും നീതിയുക്തവും ആയിരിക്കുമെന്ന് ഉറപ്പു വരുത്തണമെന്ന് യോഗം വിലയിരുത്തി.

അതിരൂപതാ കേന്ദ്രത്തിൽ നടന്ന യോഗത്തിൽ ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ അധ്യക്ഷത വഹിച്ചു. പിആർഒ അഡ്വ. ജോജി ചിറയിൽ യോഗം ഉദ്ഘാടനം ചെയ്തു. അഡ്വ. ജോർജ് വർഗീസ് വിഷയാവതരണം നടത്തി. മുഖ്യമന്ത്രി ന്യൂനപക്ഷക്ഷേമ വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടും ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ അറിയിച്ചുകൊണ്ടും മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി, പ്രതിപക്ഷ നേതാവ് ശ്രീ രമേശ് ചെന്നിത്തല, കെപിസിസി പ്രസിഡണ്ട് ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ, യുഡിഎഫ് കൺവീനർ ശ്രീ എം എം ഹസ്സൻ, മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, എൽഡിഎഫ് കൺവീനർ ശ്രീ എ. വിജയരാഘവൻ, ഇരുമുന്നണികളുടെയും കക്ഷി നേതാക്കൾ തുടങ്ങിയവർക്ക് അതിരൂപതാ കേന്ദ്രത്തിൽ നിന്നും കത്തുനൽകി.

തൃശ്ശൂർ
അതിരൂപത

# 'സാന്ത്വനം സ്വിഫ്റ്റ് മാർട്ട്' ജൈവസൂപ്പർ മാർക്കറ്റ് തുറന്ന് തൃശൂർ അതിരൂപത

തൃശൂർ: കാർഷികോൽപന്നങ്ങളും സാധാരണക്കാരുടെ ഉൽപന്നങ്ങളും വിറ്റഴിക്കാൻ തൃശൂർ അതിരൂപത ഒരുക്കിയ വിപണി തുറന്നു. അതിരൂപതയുടെ സാമൂഹ്യ പ്രേഷിത കേന്ദ്രമായ 'സാന്ത്വന'ത്തിന്റെ നേതൃത്വത്തിലാണ് 'സാന്ത്വനം സ്വിഫ്റ്റ് മാർട്ട്' എന്ന ജൈവ സൂപ്പർ മാർക്കറ്റിനു തുടക്കമായത്. പ്രകൃതിക്കൊപ്പം സഞ്ചരിച്ച് മാനവികതയുടെ സാന്ത്വനം പകരാനാണ് ഇങ്ങനെയൊരു വിപണി തുറന്നതെന്ന് ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ച ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വ്യക്തമാക്കി. സാധാരണക്കാരുടെ ഉൽപന്നങ്ങൾക്കുള്ള വിപണിയാണിതെന്ന് പിതാവ് പറഞ്ഞു. ബ്രാന്റ്ഡ് ഉൽപന്നങ്ങൾ ഇവിടെ ഉണ്ടാകില്ല. ലാഭം സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനും പാവപ്പെട്ടവരുടെ ഉന്നമനത്തിനും മാത്രമായി നീക്കിവയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനായി തൃശൂർ അതിരൂപത ഉൽപന്നങ്ങൾക്കു വിപണി തുറന്നത് മാതൃകാപരമാണെന്ന് ഉദ്ഘാടനം ചെയ്ത കൃഷി വകുപ്പ് മന്ത്രി വി. എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഗോഡ്സ് ഓൺ ഫാമിലി കാർഡ് വിതരണം ഉദ്ഘാടനം ചെയ്തു. കാർഷിക വിഭവസമാഹരണം ടി. എൻ. പ്രതാപൻ എം.പി നിർവഹിച്ചു. ആദ്യ വില്പന മേയർ എം.കെ. വർഗീസ് നിർവഹിച്ചു. വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി, അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. വർഗീസ് കൂത്തൂർ, സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മുക്കൻ, ഫാ. ജോസ് വട്ടക്കുഴി, കോർപറേഷൻ കൗൺസിലർ ജോൺ ഡാനിയേൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, തൃശൂർ ജില്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഡോ. എ. ജെ. വിവൻസി തുടങ്ങിയവർ പ്രസംഗിച്ചു. ആദ്യ ഫാമിലി കാർഡ് അന്തരിച്ച സൈമണിന്റെ കുടുംബത്തിനുവേണ്ടി ഇടവക വികാരി ഫാ. ജോബി പുത്തൂർ ഏറ്റുവാങ്ങി. സ്വിഫ്റ്റ് മാർട്ടിൽനിന്നുണ്ടാകുന്ന ആദായം തൃശൂർ അതിരൂപതയിലെ അർഹരായ കുടുംബങ്ങൾക്കു ഭവനനിർമ്മാണം, വിദ്യാഭ്യാസ സഹായം, കുടുംബശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ തീരുമാനിച്ചു.



ചിക്കാഗോ
രൂപത

# ചിക്കാഗോ രൂപതയിൽ നോമ്പുകാല ധ്യാനങ്ങൾ നടത്തി

ചിക്കാഗോ: കോവിഡ് മഹാമാരിയുടെ ബുദ്ധിമുട്ടുകൾ എല്ലായിടത്തുമുള്ളതിനാൽ ഇടവകകളിൽ പതിവുള്ള നോമ്പുകാല ധ്യാനത്തിന് പകരമായി രൂപതയുടെ നേതൃത്വത്തിൽ ഓൺലൈനായി നോമ്പുകാല ധ്യാനങ്ങൾ നടത്തി. വിശ്വാസികൾക്ക് പങ്കെടുക്കാനുള്ള സൗകര്യാർത്ഥം രണ്ട് ധ്യാനങ്ങളാണ് ക്രമീകരിച്ചത്. ഒന്നാമത്തെ ധ്യാനം മാർച്ച് 12, 13, 14 തീയതികളിലും രണ്ടാമത്തേത് മാർച്ച് 26, 27, 28 തീയതികളിലും സംഘടിപ്പിച്ചു. അദിലാബാദ് രൂപതാ മെത്രാൻ ബിഷപ്പ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ, റവ. ഫാദർ റോയി പാലാട്ടി സിഎംഐ (ശാലോം ടിവി, യുഎസ് ഡയറക്ടർ), എന്നിവർ ധ്യാനപ്രസംഗങ്ങൾ നടത്തി. ചിക്കാഗോ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത്, സഹായമെത്രാൻ ബിഷപ്പ് മാർ ജോയി ആലപ്പാട്ട്, വികാരി ജനറാൾമാരായ റവ. ഫാ. തോമസ് മുളവനാൽ, റവ. ഫാ. തോമസ് കടുകപ്പിള്ളി, റവ. ഫാ. ജോണിക്കുട്ടി പുലിശ്ശേരി, (ചാൻസലർ) റവ. ഫാ. ജോർജ് മാളിയേക്കൽ, റവ. ഫാ. ജോർജ് ദാനവേലിൽ (മതബോധന ഡയറക്ടർ), റവ. ഫാ. മെൽവിൻ മംഗലത്ത് (അസിസ്റ്റന്റ് വികാരി, കത്തീഡ്രൽ) എന്നിവർ വിവിധ ദിവസങ്ങളിൽ വിശുദ്ധ കുർബാനയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി.







പാലാ
രൂപത

# ചോദ്യാവലി പ്രകാശനം ചെയ്തു

പാലാ: കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതികൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാന സർക്കാർ നിയമിച്ച റിട്ട. ജസ്റ്റിസ് ജെ. ബി. കോശി അദ്ധ്യക്ഷനായുള്ള കമ്മീഷൻ മുമ്പാകെ സമർപ്പിക്കാനായി കേരള കത്തോലിക്കാ സഭയിലെ 32 രൂപതകളിലും നടത്തുന്ന സാമ്പിൾ സർവ്വേയുടെ ആവശ്യത്തിലേക്കായി ചോദ്യാവലി തയ്യാറായി. പാലാ രൂപതയുടെ സഹായമെത്രാൻ ബിഷപ് മാർ ജേക്കബ് മുരിക്കൻ കുടുംബ കൂട്ടായ്മ രൂപതാ കോർഡിനേറ്റർ ശ്രീ. തോമസ് വടക്കേലിന് ചോദ്യാവലിയുടെ ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്തു. പാലാ ബിഷപ്സ് ഹൗസിൽ നടന്ന ചടങ്ങിൽ സർവ്വേയുടെ നടത്തിപ്പിനായുള്ള 80 യുവാക്കളുടെ ട്രെയിനിങ് സെഷനും ഉണ്ടായിരുന്നു. സഭാതലത്തിൽ ശാസ്ത്രീയമായ രീതിയിൽ നിർണ്ണയിക്കപ്പെട്ട 12 ഇടവകകളിൽ സർവ്വേ നടത്തിപ്പിനായി കോർ ടീമും രൂപീകരിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, കുടുംബ കൂട്ടായ്മ ഡയറക്ടർ ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, ടീം ക്യാപ്റ്റൻസ് ഫാ. ജോസഫ് കീരാംതടം, ഫാ. തോമസ് പേഴുംകാട്ടിൽ, ഫാ. തോമസ് തയ്യിൽ, പബ്ലിക് അഫയേഴ്സ് കമ്മറ്റി കൺവീനർ പ്രഫ. കെ. കെ. ജോസ് കണിച്ചുകാട്ട്, കുടുംബ കൂട്ടായ്മ സെക്രട്ടറി ശ്രീ. ജോണി വേലംകുന്നേൽ, ചേർപ്പുങ്കൽ ബി. വി. എം ഹോളിക്രോസ് കോളേജ് എം. എസ്. ഡബ്ല്യു വിഭാഗം മേധാവി സി. ബിൻസി എസ്.എ.ബി.എസ്, SMYM-KCYM രൂപതാ പ്രസിഡൻറ് അഡ്വ. സാം സണ്ണി എന്നിവർ നേതൃത്വം നൽകി. പാലാ രൂപതാ പബ്ലിക് അഫയേഴ്സ് കമ്മറ്റി അംഗങ്ങൾ, കുടുംബകൂട്ടായ്മ - SMYM ഭാരവാഹികൾ, ചേർപ്പുങ്കൽ രാമപുരം കോളേജുകളിലെ സോഷ്യൽ വർക്ക് സ്റ്റുഡന്റ്സ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.



ബെൽത്തങ്ങാടി
രൂപത

# വിശുദ്ധ അന്തോണീസിന്റെ തീർത്ഥാടന കേന്ദ്രം

ബെൽത്തങ്ങാടി: രൂപതയിലെ തോട്ടത്താടിയിലുള്ള വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലുള്ള ഫൊറോനാ ദേവാലയത്തെ 2021 ഫെബ്രുവരി 13-ാം തീയതി രൂപതയുടെ തീർത്ഥാടന കേന്ദ്രമായി അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവ് പ്രഖ്യാപിച്ചു.





**വി. മൂറോൻ വെഞ്ചിരിപ്പ്**

മാർച്ച് 24ന് രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ മൂറോൻ വെഞ്ചിരിപ്പ് നടത്തി. വി. മൂറോൻ വെഞ്ചിരിപ്പിനു ശേഷം രൂപതയിലെ വൈദികരെല്ലാവരും അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിനോടൊപ്പം

എറണാകുളം – അങ്കമാലി
അതിരൂപത

# സ്ത്രീകൾക്കും കുട്ടികൾക്കും ലഹരി വിമോചന കേന്ദ്രം ഒരുക്കി എറണാകുളം–അങ്കമാലി അതിരൂപത



എറണാകുളം: സ്ത്രീകൾക്കും കുട്ടികൾക്കുമായി നിർമൽ നികേതൻ എന്നപേരിൽ ലഹരി വിമോചന ചികിത്സാകേന്ദ്രം ഒരുക്കി എറണാകുളം-അങ്കമാലി അതിരൂപതയുടെ ലഹരി വിമോചന കേന്ദ്രമായ മുക്തി സദൻ. നിർമൽ നികേതന്റെ ഉദ്ഘാടനവും ആശീർവാദകർമ്മവും എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി മാർ ആന്റണി കരിയിൽ നിർവഹിച്ചു. മൂക്കന്നൂർ ഫൊറോന വികാരി ഫാ. ജോസ് പൊള്ളയിൽ, കറുകുറ്റി ഫോറോന വികാരി ഫാ. സേവ്യർ ആവള്ളിൽ, മുക്തി സദൻ ഡയറക്ടർ ഫാ. ജോസഫ് പാറേക്കാട്ടിൽ, ജോയിന്റ് ഡയറക്ടർ ഫാ. പ്രവീൺ മണവാളൻ, ഫാ. റോയി വടകര, സി. ജോയ്സി തുടങ്ങിയവർ പ്രസംഗിച്ചു. കേന്ദ്ര-കേരള സർക്കാരുകളുടെ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം സെന്ററിനുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക കൗൺസിലിംഗ് സൗകര്യം, വിദഗ്ധ ഡോക്ടർമാരുടെ സേവനം, മികച്ച നേഴ്സിംഗ് പരിചരണം, എന്നിവ സ്ഥാപനം ഉറപ്പുനൽകുന്നു. വനിതാ സ്റ്റാഫുകൾ മാത്രമാണ് ഇവിടെയുള്ളത് എന്നതാണ് മറ്റൊരു പ്രത്യേകത. 31 മുതൽ 90 ദിവസം വരെയുള്ള വിദഗ്ധ ചികിത്സയും സൗജന്യ മരുന്നുകളും കേന്ദ്രത്തിൽ ലഭ്യമാകും.

RAJKOT
EPARCHY

# Inauguration of Year of St. Joseph & Year of Family

Rajkot: The Eparchy of Rajkot inaugurated the Family Year as well as the Year of St. Joseph on the feast of St. Joseph on 19 March 2021. His Excellency Mar Jose Chittooparambil, Emeritus Bp. Mar Gregory Karotemprel, and Rev. Fr. Joychen the Vicar General inaugurated the Family Year by lighting the lamb and celebrated the feast of St. Joseph in a very solemn way. And as part of the Year of Family, all the families in the Parishes were given a small prayer to recite. The Holy Eucharist was officiated by his Excellency Mar Jose Chittooparambil at Sacred Heart Cathedral Church, Rajkot at 6:30 pm. Rev. Fr. Joychen, the Vicar General of the eparchy delivered the Homily. Many fathers, sisters and lay faithful attended the Holy Eucharist.



**Chrism Mass, Lenten Recollection, and Presbyterium Meeting**

The Eparchy of Rajkot Celebrated Chrism Mass and Presbyterium meeting on 29 March 2021 at Sacred Heart Cathedral Church, Rajkot. Mar Jose Chittooparambil officiated the Liturgy along with Emeritus Bishop Mar Gregory Karotembrel and all priests of the eparchy. There was a recollection talk and confession led by Rev. Fr. Jose Panadan SJ. Most of the priests were present for the recollection talk and participated in the Presbyterium meeting and Chrism Mass.

ഇരിങ്ങാലക്കുട
രൂപത

# ഗ്രെയ്സ് ഫെസ്റ്റ് 2021

ഇരിങ്ങാലക്കുട: കുട്ടികളുടെ വിശ്വാസ രൂപീകരണത്തിന് ഏറെ സഹായിക്കുന്ന ഒന്നാണ് ഇരിങ്ങാലക്കുട രൂപതയിൽ വേനലവധിക്കാലത്ത് നടത്തിവരുന്ന ഗ്രെയ്സ് ഫെസ്റ്റ്. ബൈബിൾ അധിഷ്ഠിതമായ ക്ലാസുകളിലൂടെയും വിശുദ്ധരുടെ ജീവചരിത്രങ്ങളിലൂടെയും കളികളിലൂടെയും പാട്ടുകളിലൂടെയും ദൈവത്തെയും ദൈവവചനത്തെയും കുറിച്ച് കൂടുതൽ അറിയുവാനും വചനാധിഷ്ഠിതമായ ഒരു ജീവിതം പരിശീലിക്കാനും കുട്ടികളെ സഹായിക്കുകയാണ് ഗ്രെയ്സ് ഫെസ്റ്റ്. അനുഗ്രഹത്തിന്റെ ഈ അവധിക്കാലം ഏറ്റവും മനോഹരമാക്കി കുട്ടികൾ വിശ്വാസ പരിശീലനത്തിൽ ആഴപ്പെടുന്നതിനും നല്ല സൗഹൃദങ്ങളും കൂടുതൽ ദൈവാനുഗ്രഹങ്ങളും നമ്മുടെ കുഞ്ഞുങ്ങൾക്കും മറ്റെല്ലാവർക്കും ലഭിക്കുന്നതിനും വേണ്ടി മൂന്ന് ദിവസങ്ങളിലായി ഗ്രെയ്സ് ഫെസ്റ്റ് ഒരുക്കുന്നു. ഈ ദിവസങ്ങളിലൂടെ ഈശോ നമ്മുടെ രക്ഷകൻ, സഭയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പ്, കുടുംബം ദൈവിക പദ്ധതിയുടെ വിളനിലം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നടത്തുന്നു.

2021 ഏപ്രിൽ 14ന് രാവിലെ 9.30ന് വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഊരകം സെന്റ് ജോസഫ്സ് ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ഗ്രെയ്സ് ഫെസ്റ്റ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ഏറ്റവും വലിയ ഗുരുവായ ഈശോയുടെ തിരുമുഖത്തിലെ സ്നേഹം അനുഭവിച്ചുകൊണ്ട്, ക്രൈസ്തവ മൂല്യങ്ങളെ ഈ ലോകത്തിൽ മുറുകെ പിടിക്കാനും ധാർമിക ധീരതയുള്ള നന്മയുടെ കൊച്ചു പ്രവാചകരായിത്തീരാനും സാധിക്കട്ടെയെന്ന് ഉദ്ഘാടനവേളയിൽ പോളി പിതാവ് പറഞ്ഞു. ഈശോയുടെ ധീരപടയാളികളായിമാറിക്കൊണ്ട് ഈശോയുടെ സ്നേഹം നമ്മിലും കുടുംബങ്ങളിലും കൂട്ടുകാരിലും നിറയുവാൻ ഈ അവധിക്കാല വിശ്വാസ പരിശീലനവേദിയായ ഗ്രെയ്സ്ഫെസ്റ്റിലൂടെ സാധിക്കട്ടെ എന്ന് അഭിവന്ദ്യ പിതാവ് ആശംസിച്ചു.



ഇരിങ്ങാലക്കുട രൂപത വിദ്യാജ്യോതി മതബോധന കേന്ദ്രത്തിലെ ഡയറക്ടർ റവ. ഡോ. റിജോയ് പഴയാറ്റിൽ, ഊരകം സെന്റ് ജോസഫ്സ് ഇടവക വികാരി റവ. ഫാ. ആൻഡ്രൂസ് മാളിയേക്കൽ, രൂപത മതബോധന ആനിമേറ്റർ മിസ്റ്റർ ജോസ് മാളിയേക്കൽ, ഹെഡ്മാസ്റ്റർ മിസ്റ്റർ ജോസ് അച്ചങ്ങാടൻ, പിടിഎ പ്രസിഡണ്ട് മിസ്റ്റർ പി പി ജോൺസൺ എന്നിവർ ആശംസകൾ അർപ്പിച്ചു. കൂടാതെ ബഹു.സി. ഹെലൻ ഡി ഡി പിയും മറ്റ് മതാധ്യാപകരും പിടിഎ ഭാരവാഹികളും നൂറിലധികം മതബോധന വിദ്യാർത്ഥികളും ഗ്രെയ്സ് ഫെസ്റ്റിൽ പങ്കെടുത്തു.

# പെർത്തിൽ വി. യൗസേപ്പിതാവിന്റെ നാമത്തിൽ ദേവാലയം ഒരുങ്ങുന്നു

MELBOURNE
EPARCHY

പെർത്ത്: വി. യൗസേപ്പിതാവിന്റെ വർഷമായി തിരുസഭ ആചരിക്കുന്ന ഈ വർഷം പെർത്തിലെ സീറോ മലബാർ വിശ്വാസികൾക്കായി വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഒരു ദേവാലയം ഒരുങ്ങുന്നു. പെർത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ഒന്നായ ഓറഞ്ച് ഗ്രോവിലെ ആറ് ഏക്കർ വരുന്ന സ്ഥലത്താണ് നഗരത്തിന് അനുഗ്രഹമായി ഈ ദേവാലയം ഉയരുന്നത്. കഴിഞ്ഞ സെപ്റ്റംബറിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം സെപ്റ്റംബറോടെ പൂർ






ത്തിയാകുമെന്നാണ് പ്രതീക്ഷ. കേരളത്തനിമയിൽ നിർമ്മിക്കുന്ന ഈ ദേവാലയത്തിനു പുറമേ, പാരിഷ് ഹാൾ, പ്രസ്ബിറ്ററി, വിശ്വാസ പരിശീലനത്തിനായുള്ള ബ്രീസ് വേ തുടങ്ങിയവയും നിർമ്മിതിയിൽ ഉൾപ്പെടുന്നു.

ഇടവക സമൂഹത്തിന്റെ ശക്തമായ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ഫലമായിട്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞത്. സ്വന്തമായി ഒരു ദേവാലയം എന്ന സ്വപ്നതോടെ 2015ലാണ് പെർത്ത് ഇടവക സമൂഹം ഓറഞ്ച് ഗ്രോവിൽ സ്ഥലം വാങ്ങിയത്. 2018ലെ ദുക്റാന തിരുനാളിൽ മെൽബൺ രൂപതാധ്യക്ഷൻ മാർ ബോസ്കോ പുത്തൂരാണ് ദേവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചത്. ഇടവക വികാരി ഫാ. അനീഷ് ജെയിംസിനും കൈക്കാരന്മാർക്കുമൊപ്പം പാരിഷ് കൗൺസിൽ അംഗങ്ങളും ചർച്ച് ബിൽഡിങ് കമ്മിറ്റിയും നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. അതോടൊപ്പം തന്നെ ഈ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് ഇടവക സമൂഹം വി. യൗസേപ്പിതാവിന്റെ മധ്യസ്ഥം തേടി പ്രാർത്ഥിക്കുന്നു. കഴിഞ്ഞ രണ്ടു വർഷത്തിലേറെയായി എല്ലാ തിങ്കളാഴ്ചകളിലും ദിവ്യകാരുണ്യ ആരാധനയും ജപമാലയും യൗസേപ്പിതാവിനോടുള്ള മധ്യസ്ഥ പ്രാർത്ഥനയും മുടങ്ങാതെ നടത്തിവരുന്നു.

# Eparchial Presbyterium and Chrism Mass

BHADRAVATHI
EPARCHY

Bhadravathi: Eparchial Presbyterium was held on 30 March 2021, Tuesday at Bodhana at the Pastoral Centre followed by recollection and the Chrism Mass. The recollection was given by Most Rev. Francis Serrao, the Bishop of Shimoga Diocese. Mar Joseph Arumachadath addressed the presbyterium to discussing the Holy Week celebrations in the context of the Covid-19 pandemic. Thereafter all the Eparchial priests and the representatives of religious priests working in the eparchy joined the Bishop for the celebration of Chrism Mass at 2.30 pm.



**BIJNOR**
EPARCHY

## Medical Camp Organised



Bijnor: A general medical camp was conducted on 07 April 2021 for the villagers around Kotkadar Mission Station of the Eparchy of Bijnor under the guidance of Fr. Jomon Ananthuruthy, Coordinator Sr. Jeslin FCC, and Sr. Divya FCC. The people from 15 villages benefitted from the free camp. Health check-ups were conducted and free medicines were given to the people. The following day, on the occasion of International Women's Day on 08 March 2021, a program was organized. Women from 27 villages participated in it. Fr. Babu George, Director of Karuna Social Service Society of the Eparchy of Bijnor was the chief guest of the day. Channelizing the occasion, the women were motivated to find and recognize the manifold rights and duties through various activities. On 22 March 2021, with the association of the Animal Husbandry Department, a camp was conducted for villagers to check up on their animals. The people who have the livelihood by rearing cows, buffaloes, and goats benefitted the free camp and medicines.



**THUCKALAY**
EPARCHY

## Blessing of Foundation Stone



Thuckalay: The FCC Community at Sukkangalpatti, Chinnamannor has been carrying out the mission work staying in a rented house. The sisters bought a plot of land at Poomalkunduvilakku village in order to build a convent. The foundation stone was blessed by Rev. Fr. Benny Thattamparampil on 4 March 2021. Rev. Fr. Anil Raj and the sisters from the Madurai mission took part in the blessing ceremony. The FCC Provincial of Idukki and many sisters from the province were present to witness the event. The building work has now begun.


**കോതമംഗലം**
അതിരൂപത

## മൂവാറ്റുപുഴ നിർമ്മല കോളേജിന് നാക് അക്രഡിറ്റേഷനിൽ ഒന്നാം സ്ഥാനം

കോതമംഗലം: കോതമംഗലം രൂപതയുടെ അഭിമാനമായ മൂവാറ്റുപുഴ നിർമ്മല കോളേജ് നാക് അക്രഡിറ്റേഷൻ പരിശോധനയിൽ 3.73 പോയന്റോടെ അഫിലിയേറ്റഡ് കോളേജുകളുടെ ഗണത്തിൽ ഒന്നാം സ്ഥാനത്തെത്തി. കോളേജിന്റെ ഭൗതിക സൗകര്യങ്ങളും ഗവേഷണ മികവും മാതൃകാപരമാണെന്ന് സമിതി അംഗങ്ങൾ എടുത്തുപറഞ്ഞു. സ്വച്ഛഭാരത് മിഷനോട് ചേർന്ന് തുടങ്ങിയ സ്വച്ച് നിർമ്മല, ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി നടപ്പിലാക്കിയ ഡിജിറ്റൽ ക്യാമ്പസ് എന്നിവയും കോളേജിന്റെ സവിശേഷതകളാണ്. 17 യു ജി പ്രോഗ്രാം, 14 പിജി പ്രോഗ്രാം, 7 ഡോക്ടറൽ പ്രോഗ്രാം എന്നിവയിൽ 3000 വിദ്യാർഥികൾ പഠിക്കുന്ന നിർമ്മലാ കോളേജിന് ഈ വർഷം എംജി സർവകലാശാലയുടെ ഇന്റഗ്രേറ്റഡ് എം എസ് സി കമ്പ്യൂട്ടർ സയൻസ് കോഴ്സ് കൂടി അനുവദിക്കപ്പെട്ടു. വിദ്യാർഥികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകളും അവർ നടത്തിയ എക്സിബിഷനും പരിശോധനയിൽ ശ്രദ്ധനേടി. കേരളീയ കലകളുമായി ബന്ധപ്പെടുത്തി കോളേജിലെ വിദ്യാർഥികൾ അവതരിപ്പിച്ച കലാപരിപാടികൾ മികവുറ്റതായിരുന്നു എന്ന് സമിതി വിലയിരുത്തി. കോളേജിന്റെ സാമൂഹികപ്രതിബദ്ധതയ്ക്കും സേവനത്തിനും പഠനമികവിനും അച്ചടക്കത്തിനും ലഭിച്ച അംഗീകാരമാണ് എ++ ഗ്രേഡ് എന്ന് കോളേജിന്റെ രക്ഷാധികാരി കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാനേജർ മോൺസിഞ്ഞോർ ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ എന്നിവർ പറഞ്ഞു. അക്കാദമിക് തലത്തിലുള്ള പ്രവർത്തനമികവും അധ്യാപകരുടെയും അനദ്ധ്യാപകരുടെയും കൂട്ടായ പ്രവർത്തനവും ഗവേഷണ മികവുമാണ് കോളേജിനെ ഇന്ത്യയിലെ മികച്ച ഗ്രേഡ് നേടാൻ സഹായിച്ചതെന്ന് പ്രിൻസിപ്പൽ ഡോ. തോമസ് കെ വി, വൈസ് പ്രിൻസിപ്പൽ പ്രൊഫ. സജി ജോസഫ്, കോ-ഓർഡിനേറ്റർ ഡോ.സോണി കുര്യാക്കോസ് എന്നിവർ അഭിപ്രായപ്പെട്ടു. കൂടുതൽ കോഴ്സുകളും മികച്ച പഠന സൗകര്യങ്ങളുമായി കേരളത്തിലെ ഏറ്റവും നല്ല സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനമായി മാറുന്നതി



ന് ഈ അക്രഡിറ്റേഷൻ സഹായകമാകുമെന്ന് കോതമംഗലം രൂപത ഉന്നതവിദ്യാഭ്യാസ സെക്രട്ടറി ഫാ. പോൾ നെടുംപുറത്ത് പറഞ്ഞു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം പഠിതാക്കൾക്ക് നൽകിയതിന്റെ അംഗീകാരമാണ് അക്രഡിറ്റേഷൻ എന്ന് കോളേജ് ബർസാർ ഫാ. ജസ്റ്റിൻ കെ കുര്യാക്കോസ് പറഞ്ഞു.

# സീറോമലബാർ സഭയിലെ വിശുദ്ധർ



റവ. ഡോ. തോമസ് ആദോപ്പിള്ളിൽ
പ്രസിഡണ്ട്, സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രിബ്യൂണൽ & പോസ്റ്റുലേറ്റർ ജനറൽ

ഭാരതത്തിൽ നിന്നുള്ള പ്രഥമ വിശുദ്ധ അൽഫോൻസാമ്മയ്ക്ക് ശേഷം ചാവറ കുര്യാക്കോസ് ഏലിയാസച്ചനും എവുപ്രാസ്യമ്മയും മറിയംത്രേസ്യയും വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുകയാണ്. സഹനത്തിന്റെ ആത്മീയത പറഞ്ഞു തന്ന വിശുദ്ധ അൽഫോൻസാമ്മയും ആത്മീയതയുടെയും അറിവിന്റെയും അനശ്വര വെളിച്ചം പകർന്നു തന്ന നവോത്ഥാന നായകനായ ചാവറയച്ചനും പ്രാർത്ഥനയുടെ അമ്മയായ എവുപ്രാസ്യമ്മയും ഗാർഹിക സഭയുടെ പ്രവാചകയായ മറിയം ത്രേസ്യയും ഭാരത സഭയുടെ പ്രത്യേകിച്ച് സീറോമലബാർ സഭയുടെ കെടാവിളക്കുകൾ ആണ്.

ഒരു വ്യക്തി വിശുദ്ധൻ അഥവാ വിശുദ്ധ ആകുന്നതോടുകൂടി ദൈവമായി തീരുകയോ മാലാഖയായി മാറുകയോ ചെയ്യുന്നില്ല. ഒരു നല്ല മനുഷ്യ ജീവിതത്തിനും ക്രൈസ്തവസാക്ഷ്യത്തിനും സഭ നൽകുന്ന അംഗീകാര മുദ്രയാണ് വിശുദ്ധപദവി. ദൈവൈക്യത്തിലും സഹോദര സ്നേഹത്തിലും ജീവിച്ച പുണ്യവ്യക്തിത്വങ്ങളെ മാതൃകയും മധ്യസ്ഥരും എന്ന നിലയിൽ പരിചയപ്പെടുത്തി കൊടുക്കുന്ന സഭയുടെ ഔദ്യോഗിക പ്രവർത്തിയാണ് വിശുദ്ധ പദവി പ്രഖ്യാപനം. ഇവരുടെ ജീവിത വഴികൾ നമുക്കും സ്വർഗ്ഗത്തിൽ എത്തിച്ചേരാനുള്ള മാർഗ്ഗദീപങ്ങൾ ആണെന്നാണ് സഭ പ്രഖ്യാപിക്കുന്നത്. സീറോമലബാർ സഭയിലെ ഈ നാലു വിശുദ്ധരുടെയും ജീവിതത്തെ മനസ്സിലാക്കുന്നതിലൂടെ, നമ്മുടെ ജീവിതം ദൈവത്തിന് പ്രീതികരവും സമൂഹത്തിന് മാതൃകാപരവും കുടുംബത്തിന് അനുഗ്രഹദായകവുമാക്കിതീർക്കുവാൻ ഉപകരിക്കും എന്നതിൽ സംശയമില്ല.

## വിശുദ്ധ അൽഫോൻസാമ്മ



വിശുദ്ധ തോമാശ്ലീഹായുടെ പാദസ്പർശനമേറ്റ ഭാരത മണ്ണിൽ മണ്മറഞ്ഞു പോയ പുണ്യാത്മാക്കൾക്കിടയിൽ സഹനത്തിന്റെ മാലാഖയായി സൗരഭ്യം പരത്തി ആത്മീയ തേജസ്സോടെ ശോഭിച്ചു നിൽക്കുന്ന വി. അൽഫോൻസാമ്മ ഭാരതസഭയിലെ പ്രഥമ വിശുദ്ധയാണ്. 1910 ഓഗസ്റ്റ് 1ന് കോട്ടയം ജില്ലയിലെ കുടമാളൂരിലെ മുട്ടത്തുപാടത്ത് കുടുംബത്തിൽ ജോസഫിന്റെയും മേരിയുടെയും നാലാമത്തെ മകളായി അന്നക്കുട്ടി എന്ന അൽഫോൻസാ ജനിച്ചു. മൂന്നു മാസങ്ങൾക്കുശേഷം അവളുടെ മാതാവ് മരിച്ചു. പിന്നീട് വളർത്തിയത് അമ്മയുടെ സഹോദരിയായ അന്നമ്മ ആണ്. മുട്ടുചിറയിലുള്ള മുരിക്കൻ ഭവനത്തിൽ വളരെ ചിട്ടയിലും നിയന്ത്രണത്തിലും പേരമ്മ അന്നക്കുട്ടിയെ വളർത്തി. വിവാഹ പ്രായമായപ്പോൾ അവളുടെ പേരമ്മ സൽസ്വഭാവിയായ ഒരാളെ കൊണ്ട് അന്നക്കുട്ടിയെ വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ചു. ക്രിസ്തുവിന്റെ മണവാട്ടി ആകാൻ താല്പര്യമുണ്ടായിരുന്ന അന്നക്കുട്ടി അതിന് തയ്യാറായില്ല. ഒടുവിൽ 1927 മെയ് 24ന് അവൾ ഭരണങ്ങാനത്തുള്ള ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സിസ്റ്റേഴ്സിന്റെ മഠത്തിൽ ചേർന്നു. കന്യാസ്ത്രീ ആകുന്നതിന്റെ ആദ്യപടിയായി 1928 ഓഗസ്റ്റ് 2ന് അന്നക്കുട്ടി ശിരോവസ്ത്രം സ്വീകരിച്ചു. ആ ദിവസം വി. അൽഫോൻസ് ലിഗോരിയുടെ തിരുനാൾദിനം ആയിരുന്നതിനാൽ അൽഫോൻസാ എന്ന നാമമാണ് അവൾക്ക് നൽകപ്പെട്ടത്. 1930 മെയ് 19ന് ഭരണങ്ങാനം ഫൊറോന പള്ളിയിൽ വച്ച് ചങ്ങനാശ്ശേരി രൂപതാ മെത്രാൻ ആയിരുന്ന മാർ ജെയിംസ്

കാളശ്ശേരിയിൽ നിന്നും സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് കോട്ടയം ജില്ലയിലെ വാകക്കാട് എന്ന സ്ഥലത്തെ ക്ലാരമഠം വക പ്രൈമറി സ്കൂളിൽ അദ്ധ്യാപികയായി പ്രവർത്തിച്ചു. എന്നാൽ അനാരോഗ്യം നിമിത്തം ഒരു വർഷം മാത്രമാണ് ആ സ്ഥാനത്തു തുടരുവാൻ സാധിച്ചത്. 1935 ഓഗസ്റ്റ് 12ന് ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ നോവിഷ്യേറ്റിനായി പ്രവേശിച്ചു. അവിടെയും കഠിനമായ രോഗങ്ങൾ അൽഫോൻസയെ പിന്തുടർന്നു. വിശുദ്ധ ചാവറ പിതാവിന്റെ മധ്യസ്ഥതയാൽ ഒരിക്കൽ അവൾ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചു. എന്നാൽ പിന്നീടും വിവിധതരത്തിലുള്ള അസുഖങ്ങളാൽ അൽഫോൻസാ ഏറെ സഹനങ്ങൾ ഏറ്റുവാങ്ങി. ടൈഫോയിഡും ന്യുമോണിയയും ഒന്നിനുപുറകെ ഒന്നായി പിടികൂടിയിരുന്നു. 1945 ആയപ്പോഴേക്കും രോഗങ്ങൾ അതികലശലായി. രോഗാവസ്ഥയുടെ പാരമ്യതയിൽ 1946 ജൂലൈ 28ന് ഭരണങ്ങാനം ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മഠത്തിൽ വച്ച് സിസ്റ്റർ അൽഫോൻസാ കർത്താവിൽ നിദ്ര പ്രാപിച്ചു. 1953 ഡിസംബർ 2ന് ദൈവദാസിയായും 1984 നവംബർ 9ന് ധന്യയായും അവൾ ഉയർത്തപ്പെട്ടു. 1986 ഫെബ്രുവരി 8ന് അൽഫോൻസാമ്മയെ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2008 ഒക്ടോബർ 12ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുകയും ചെയ്തു. ജൂലൈ 28നാണ് വിശുദ്ധയുടെ തിരുനാൾ ആഘോഷിക്കുന്നത്.

## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ



കേരളത്തിലെ നവോത്ഥാന പ്രക്രിയയ്ക്ക് നേതൃത്വം നൽകിയ പ്രമുഖരിൽ ഒരാളാണ് ആണ് വിശുദ്ധ ചാവറ അഥവാ ചാവറയച്ചൻ. സീറോമലബാർ കത്തോലിക്കാ സഭയിലെ സി എം ഐ (കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്) സന്യാസസഭയുടെ സ്ഥാപകരിലൊരാളും ആദ്യത്തെ സുപ്പീരിയർ ജനറലും ആയിരുന്നു ചാവറ പിതാവ്. കത്തോലിക്കാ പുരോഹിതൻ എന്ന നിലയിൽ മാത്രമല്ല, ഒരു സാമുദായിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ, ജീവകാരുണ്യ പ്രവർത്തകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം ശ്രദ്ധ നേടിയിട്ടുണ്ട്. 1986 ഫെബ്രുവരി എട്ടിന് വി. ജോൺ പോൾ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2014 നവംബർ 23ന് ഫ്രാൻസിസ് മാർപാപ്പാ ചാവറയച്ചനെ വിശുദ്ധൻ എന്ന് നാമകരണം ചെയ്തു. ഇപ്പോഴത്തെ ആലപ്പുഴ ജില്ലയിലെ കൈനകരിയിൽ കുര്യാക്കോസിന്റെയും മറിയത്തിന്റെയും മകനായി 1805 ഫെബ്രുവരി പത്തിന് അദ്ദേഹം ജനിച്ചു. കൈനകരി സെന്റ് ജോസഫ് പള്ളി വികാരിയുടെ കീഴിലാണ് പൗരോഹിത്യത്തിന് പഠിച്ചു തുടങ്ങിയത്. 1818 പള്ളിപ്പുറത്തെ സെമിനാരിയിൽ ചേർന്നു. തോമസ് പാലക്കൽ മല്പാൻ ആയിരുന്നു റെക്ടർ. 1829 നവംബർ 29-ന് അദ്ദേഹം പുരോഹിതനായി ചേന്നങ്കരി പള്ളിയിൽ ആദ്യമായി വി. കുർബാന അർപ്പണം നടത്തി. 1830ൽ ചാവറയച്ചൻ മാന്നാനത്തേക്ക് പോയി. പിന്നീട് അദ്ദേഹത്തിന്റെ പ്രധാന കർമ്മമണ്ഡലം ഇപ്പോൾ കോട്ടയം ജില്ലയിലുള്ള ഈ ഗ്രാമമായിരുന്നു. പുരോഹിത വൃത്തിയോടൊപ്പം സാമൂഹ്യ പ്രവർത്തനങ്ങളും കൈകാര്യം ചെയ്ത ഒരു വിദ്യാഭ്യാസ പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. ജാതിയുടെയും മതത്തിന്റെയും പേരിൽ അസമത്വം നിലനിന്നിരുന്ന അക്കാലത്ത് പാവപ്പെട്ട ദളിത് വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുകയും സൗജന്യഭക്ഷണം നൽകുകയും ചെയ്തുകൊണ്ട് കേരളത്തിലെ നവോത്ഥാന ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം എഴുതിച്ചേർക്കാൻ ചാവറയച്ചന് കഴിഞ്ഞു. ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം എന്ന പേരിൽ എല്ലാ പള്ളികൾക്കുമൊപ്പം വിദ്യാലയങ്ങൾ നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് 1864ൽ അദ്ദേഹം കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ വികാരി ജനറൽ ആയിരിക്കെ പുറപ്പെടുവിച്ചു. കേരളത്തിലെ വിദ്യാഭ്യാസ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു ഈ ഉത്തരവ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനായി കോട്ടയത്തെ മാന്നാനത്ത് ഒരു മുദ്രണാലയം അദ്ദേഹം സ്ഥാപിച്ചു. നസ്രാണി ദീപിക എന്ന പത്രം അച്ചടിച്ചത് മാന്നാനത്തെ ഈ സെന്റ് ജോസഫ് പ്രസ്സിൽ ആയിരുന്നു. 1871 ജനുവരി മൂന്നിന് കൂനമ്മാവിൽ വച്ച് കുര്യാക്കോസ് ഏലിയാസച്ചൻ അന്തരിച്ചു. 1889 മെയ്മാസത്തിൽ കൂനമ്മാവിൽ നിന്നും തിരുശേഷിപ്പുകൾ മാന്നാനത്തെ സീറോമലബാർ ദയറാ പള്ളിയിൽ കൊണ്ടുപോയി സംസ്കരിച്ചു. ജനുവരി 3നാണ് വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നത്.

## വിശുദ്ധ എവുപ്രാസ്യമ്മ



ചാവറയച്ചൻ സ്ഥാപിച്ച സി എം സി സന്യാസിനി സഭയിലെ അംഗമായിരുന്നു സി. എവുപ്രാസ്യമ്മ. തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിൽ എലുവത്തിങ്കൽ ചേർപ്പുക്കാരൻ വീട്ടിൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മകളായാണ് റോസ എന്ന എവുപ്രാസ്യമ്മ ജനിച്ചത്. ഒമ്പതാം വയസ്സിൽ തന്നെ കർമ്മലീത്ത സഭയിൽ അംഗമായി. പിന്നീട് സഭാവസ്ത്രം സ്വീകരിച്ച എവുപ്രാസ്യമ്മ ഒല്ലൂർ സെന്റ് മേരീസ് മഠത്തിൽ 45 വർഷത്തോളം താമസിച്ച് ദൈവഹിതപ്രകാരം പ്രവർത്തിച്ചു. 1987ൽ സഭ ദൈവദാസിയായി പ്രഖ്യാപിച്ചു. 2002 ജൂലൈ 5ന് ധന്യയായി പ്രഖ്യാപിച്ചു. 2006 ഡിസംബർ 3ന് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2014 നവംബർ 23ന് ഫ്രാൻസിസ് മാർപാപ്പ എവുപ്രാസ്യമ്മയെ വിശുദ്ധ എന്ന് നാമകരണം ചെയ്തു. ഒല്ലൂരിലെ അമ്മ, പ്രാർത്ഥിക്കുന്ന അമ്മ, സ്നേഹിക്കുന്ന അമ്മ എന്നപേരുകളിലെല്ലാം വി. എവുപ്രാസ്യമ്മ അറിയപ്പെടുന്നു. 'മരിച്ചാലും മറക്കില്ലാട്ടോ' എന്ന മധുരമൊഴികളോടെ ചെയ്ത വാഗ്ദാനം വി. എവുപ്രാസ്യമ്മ ഇന്നും അനസ്യൂതം തുടർന്നു കൊണ്ടിരിക്കുന്നു. ഓഗസ്റ്റ് 29നാണ് വിശുദ്ധയുടെ തിരുനാൾ ആഘോഷിക്കുന്നത്.

**സീറോമലബാർ സഭയിലെ ഈ നാലു വിശുദ്ധരുടെയും ജീവിതത്തെ മനസ്സിലാക്കുന്നതിലൂടെ, നമ്മുടെ ജീവിതം ദൈവത്തിന് പ്രീതികരവും സമൂഹത്തിന് മാതൃകാപരവും കുടുംബത്തിന് അനുഗ്രഹദായകവുമാക്കിതീർക്കുവാൻ ഉപകരിക്കും.**

## വിശുദ്ധ മറിയം ത്രേസ്യ



സീറോമലബാർ കത്തോലിക്കാ സഭയിൽ നിന്നും വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട നാലാമത്തെ വ്യക്തിയാണ് വി. മറിയം ത്രേസ്യ അഥവാ മദർ മറിയം ത്രേസ്യ. തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട പുത്തൻചിറ ഫൊറോന പള്ളി ഉൾപ്പെടുന്ന പുത്തൻചിറ എന്ന ഗ്രാമത്തിലാണ് മറിയം ത്രേസ്യ ജനിച്ചത്. ചിറമ്മൽ മങ്കിടിയാൻ തോമൻ, താണ്ടാ ദമ്പതികളുടെ മൂന്നാമത്തെ മകളായി 1876 ഏപ്രിൽ 26 നായിരുന്നു ജനനം. പനയോല കൊണ്ട് മേഞ്ഞ ജന്മഗൃഹം ഇന്നും അതേ നിലയിൽ തന്നെ സംരക്ഷിച്ചു പോരുന്നുണ്ട്. ജന്മഗൃഹം ഒരു തീർത്ഥാടനകേന്ദ്രമായി വിശ്വാസികൾ കണക്കാക്കുന്നു. ഗാർഹിക സഭയുടെ പ്രവാചക എന്നാണ് മറിയം ത്രേസ്യാമ്മ അറിയപ്പെടുന്നത്. കാരണം അമ്മ ജീവിച്ചിരുന്നപ്പോളെല്ലാം നടത്തിയ പ്രേക്ഷിത പ്രവർത്തനങ്ങൾ കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ക്ലേശിക്കുന്ന ഓരോ കുടുംബങ്ങളും സന്ദർശിച്ച് ദൈവസ്നേഹം ദൈവവചനവും പകർന്നുനൽകി ദൈവത്തിന് സാക്ഷ്യമേകുന്നതായിരുന്നു വിശുദ്ധയുടെ ജീവിതം. പ്രാഥമിക വിദ്യാഭ്യാസം മാത്രമാണ് മറിയം ത്രേസ്യക്ക് ലഭിച്ചത്. പന്ത്രണ്ടാം വയസ്സിൽ അമ്മ മരിച്ചപ്പോൾ മുതൽ മുഴുവൻ സമയം പ്രാർഥനയിലാണ് മറിയം ത്രേസ്യ ചെലവഴിച്ചത്. ആത്മീയ പിതാവ് ജോസഫ് വിതയത്തിലച്ചൻ പണിയിച്ചു കൊടുത്ത ഏകാന്തഭവനത്തിൽ തന്റെ മൂന്നു കൂട്ടുകാരികളുമൊത്ത് മറിയം ത്രേസ്യ താമസം തുടങ്ങി. വൈകാതെ ഈ കൂട്ടായ്മ ഒരു സന്യാസ സമൂഹത്തിന്റെ രൂപഭാവങ്ങൾ ഉൾക്കൊണ്ടു. അന്നത്തെ തൃശ്ശൂർ മെത്രാനായിരുന്ന റവ. ഡോ. ജോൺ മേനാച്ചേരി 1914 മെയ് 13ന് ഏകാന്ത ഭവനം സന്ദർശിക്കുകയും അവരുടെ ജീവിത മാതൃകയിൽ സംതൃപ്തൻ ആവുകയും ചെയ്തു. 1914 മെയ് 14ന് ജോസഫ് വിതയത്തിൽ അച്ചന്റെയും മറ്റു ചില വൈദികരുടെയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ ഏകാന്തഭവനത്തെ തിരുക്കുടുംബ സഭ അഥവാ ഹോളി ഫാമിലി കോൺവെന്റ് എന്ന പുതിയ സന്യാസ സമൂഹമായി അംഗീകരിച്ചു. 1926 ജൂൺ 8ന് കുഴിക്കാട്ടുശ്ശേരി മഠത്തിൽ വച്ച് അമ്മ നിര്യാതയായി. മഠത്തിന്റെ അടുത്തുള്ള പള്ളിയിലാണ് മൃതശരീരം അടക്കം ചെയ്തിട്ടുള്ളത്. 1973 ഒക്ടോബർ 5ന് ദൈവദാസി എന്ന് നാമകരണം ചെയ്തു. 1999 ജൂൺ 28ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ധന്യ എന്ന് നാമകരണം ചെയ്തു. 2000 ഏപ്രിൽ 9ന് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2019 ഒക്ടോബർ 13ന് ഫ്രാൻസിസ് മാർപാപ്പ മറിയം ത്രേസ്യയെ വിശുദ്ധ എന്ന് നാമകരണം ചെയ്തു. ജൂൺ 8നാണ് വിശുദ്ധയുടെ തിരുനാൾ ആഘോഷിക്കുന്നത്.

എം. എസ്. പി.
കോൺഗ്രിഗേഷൻ

## കോട്ടയം അതിരൂപത മിഷനറിമാർ പഞ്ചാബ് മിഷനിൽ

പഞ്ചാബ്: കോട്ടയം അതിരൂപതയുടെ മിഷനറി മുഖമായ വി. പത്താം പീയൂസിന്റ മിഷനറി സൊസൈറ്റിയിലെ വൈദികർ ഫരിദാബാദ് സീറോമലബാർ രൂപതയുടെ കീഴിലുള്ള പഞ്ചാബ് മിഷനിൽ സേവനം ആരംഭിച്ചു. ഫാ. എബിൽ കമുകുംപാറ, ഫാ. എബിൻ ഇറപുറത്ത്,



ഫാ. റോണി വെച്ചൂപറമ്പിൽ ഫാ. ജെഗിൻ കൊളങ്ങയിൽ എന്നിവർക്ക് മാർ കുര്യാക്കോസ് ഭരണികുളങ്ങര വിവിധ മിഷൻ സ്റ്റേഷനുകളിൽ നിയമനം നൽകി. സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ സജീവമാകുന്നതിന്റെ ഭാഗമായിട്ടാണ് ഫരീദാബാദ് രൂപതയോട് ചേർന്ന് കോട്ടയം അതിരൂപത പുതിയ ദൗത്യം ആരംഭിക്കുന്നത്.

## CMI Retreat Preachers' Meet

സി. എം. ഐ.
കോൺഗ്രിഗേഷൻ

കൊച്ചി: ജെറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് ഏപ്രിൽ 12 മുതൽ 15 വരെ നടന്ന വചനപ്രാഘോഷകരുടെ സംഗമത്തിൽ വചനപ്രഘോഷണ ശുശ്രൂഷ ചെയ്യുന്നവരും അതിലേക്ക് കടന്ന് വരുന്നവരുവാൻ ആഗ്രഹിക്കുന്നവരുമായ 58 സി എം ഐ സമർപ്പിതർ പങ്കെടുത്തു.

അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹുമാനപ്പെട്ട ബിനോയ് കരിമരുതിങ്കൽ അച്ചൻ ക്ലാസുകൾ നയിച്ചു. തുടർന്ന് നടന്ന പ്ലാനിങ് സെഷന് സി എം ഐ ജനറൽ അജപാലന വകുപ്പ് നേതൃത്വം നൽകി. ഇത്തരം കൂട്ടായ്മകൾ വചനപ്രഘോഷണ ശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ഈ കൊറോണ കാലത്ത് സാധ്യമായ വിധത്തിലെല്ലാം ഓൺലൈൻ പ്രേഷിത പ്രവർത്തനവും മറ്റു





നൂതന സാങ്കേതിക മാധ്യമങ്ങളുടെ സാധ്യതകളും വചനപ്രഘോഷണത്തിനായി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചു.


സമാപന സമ്മേളനത്തിൽ, പ്രിയോർ ജനറൽ തോമസ് ചാത്തംപറമ്പിലച്ചൻ വിശുദ്ധ ചാവറപ്പിതാവും ആദ്യകാല പിതാക്കന്മാരും വന്ദ്യസഭാംഗങ്ങളും വചനപ്രഘോഷണലൂടെയും പരിശീലനങ്ങളിലൂടെയും വിവിധ മാധ്യമങ്ങളിലൂടെയുമെല്ലാം കേരളസഭയെ ശക്തിപ്പെടുത്തുകയും സഭാമക്കളെ വിശ്വാസത്തിൽ വളർത്തുന്നതിനായി അക്ഷീണം യത്നിക്കുകയും ചെയ്തിരുന്നത് അനുസ്മരിച്ചു. ഇന്നത്തെ പ്രതിസന്ധിഘട്ടങ്ങളിൽ സിഎംഐ സഭ ലോകത്തിന് വെളിച്ചമായി തീരട്ടെയെയെന്നും പ്രിയോർ ആശംസിച്ചു.

## SD Sisters Serving the Covid Patients in Gandhidham Hospital

SD
CONGREGATION

Gujarat: Santhidham Province has four mission stations in Gujarat and Gandhidham hospital is one of them where sisters take care of the Covid patients. The people of Kutch were very badly affected. We had an official meeting at St. Joseph's hospital with the Government officials, local leaders, and Rev. Priests and





they requested to convert our hospital into COVID hospital. We made available 78 beds of which 11 ICU beds, 59 Oxygen beds, and 8 air beds for the Covid patient's care and treatment. A total of 55 team members including all the sisters along with the doctors, nurses, paramedical, and other hospital staff wholeheartedly dedicated and risked their lives to look after the Covid patients. As the number of patients increased, we asked for help from SD Generalate. Sisters volunteered from Kerala provinces to come over to help us. Fr. Joseph Kattakayam offers Holy Qurbana daily.

Gujarat Govt. supported us wholeheartedly for the time being. In the last four months, we looked after 700 patients, and among them, 28 died and few were referred for further treatment. Patients and relatives were very happy about our service and we could win the hearts of the people of the Kutch region through the healing touch of Jesus. We read the Bible to them at their bedside and prayed over each patient, many cried when we prayed over them. The Holy Bible was distributed to them to read. Most of the people took the Bible to their homes. People were interested and had faith in our prayers to Jesus. We could render our services in an effective way under the leadership of Sr. Franciline.

The second wave of Covid is mercilessly attacking the young ones. The patients are aged below 45 years and most of them are asymptomatic and are succumbing to death. The death rate is increasing and we do not have enough beds to take patients in. Many are waiting outside to be taken in. We lack medicines and oxygen cylinders; the government-supplied ventilators are of limited quality. medical staff are getting exhausted due to heavy-duty.

സി. എം. സി.
കോൺഗ്രിഗേഷൻ



ഹസാരിബാഗ്: സി.എം.സി. ഹസാരിബാഗ് പ്രൊവിൻസിന്റെ നേതൃത്വത്തിൽ കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ടും വരുമാനം ഇല്ലാതെയും കഷ്ടപ്പെടുന്ന ആളുകൾക്ക് അരിയും മറ്റു സാധനങ്ങളും നൽകി സഹായിക്കുന്നു.

സി. എസ്. എസ്.
കോൺഗ്രിഗേഷൻ

## സേവനത്തിന്റെ പുതിയ പാതയിൽ സമരിറ്റൻ സന്യാസിനി സമൂഹം

ഇരിങ്ങാലക്കുട: ആവശ്യക്കാരുടെ നല്ല അയൽക്കാരൻ ആവുക എന്ന ഉദ്ദേശത്തോടെ സേവനത്തിന്റെ പുതിയ പാതയിൽ സമരിറ്റൻ സന്യാസിനി സമൂഹം. സ്നേഹോദയ പ്രൊവിൻസിന്റെ കീഴിൽ പ്രവർത്തിക്കുന്ന സേക്രട്ട് ഹാർട്ട് മിഷൻ ഹോസ്പിറ്റൽ കെയർ അറ്റ് ഹോം എന്ന പദ്ധതി ആരംഭിച്ചു. ഇരിങ്ങാലക്കുടയുടെ പ്രാന്തപ്രദേശങ്ങളിൽ കിടപ്പുരോഗികൾ ആയി കഴിയുന്നവർക്കുള്ള ആതുരസേവന വിഭാഗമാണിത്. കിടപ്പുരോഗികളുടെ നല്ല അയൽക്കാർ ആയി കൊണ്ട് സേവനം ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ സമരിറ്റൻ സിസ്റ്റേഴ്സ് ലക്ഷ്യം വയ്ക്കുന്നത്.

## തിരുകുടുംബ സന്യാസിനി സമൂഹത്തിന് പുതിയ സാരഥികൾ

സി. എച്ച്. എഫ്.
കോൺഗ്രിഗേഷൻ

തൃശ്ശൂർ: വിശുദ്ധ മറിയം ത്രേസ്യ സ്ഥാപിച്ച തിരുക്കുടുംബ സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി സിസ്റ്റർ ആനി കുര്യാക്കോസിനെ തിരഞ്ഞെടുത്തു. ഇരിഞ്ഞാലക്കുട സെന്റ് ജോസഫ് കോളേജിൽ 31 വർഷക്കാലം ഫിസിക്സ് അധ്യാപികയായും എട്ടുവർഷത്തോളം പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഭയുടെ വിദ്യാഭ്യാസം, ധനകാര്യം എന്നിവയുടെ ജനറൽ കൗൺസിലറായി ആറുവർഷം പ്രവർത്തിച്ചു. സിസ്റ്റർ എൽസി സേവ്യർ (ജീവോദയ പ്രോവിൻസ് ആലുവ) വികാർ ജനറൽ, സിസ്റ്റർ ആൻസി ആന്റോ (അരുണോദയ- ബീഹാർ) വിദ്യാഭ്യാസം, സിസ്റ്റർ ഫിലോ ജോസഫ് (നവജ്യോതി- തൃശ്ശൂർ) ഫൈനാൻസ് & സോഷ്യൽ വർക്ക്, സിസ്റ്റർ റോസ് കാവുങ്കൽ (മരിയൻ, പാലക്കാട്) സന്യാ



സ പരിശീലനം, തുടങ്ങിയവരാണ് മറ്റു കൗൺസിലർമാർ. കൂടാതെ, സിസ്റ്റർ സവിധ റാഫേൽ (കൃപാജ്യോതി) ഓഡിറ്റർ ജനറലായും സിസ്റ്റർ ജെൻസി മരിയ (ശാന്തിധാരാ- ഡൽഹി) ട്രഷറർ ജനറലായും മറീന വർഗീസ് (അരുണോദയ -ബീഹാർ) സെക്രട്ടറി ജനറലായും നിയമിക്കപ്പെട്ടു.

സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹവാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.

email: syromalabarvision@gmail.com
whatsapp: +91 8089552280

സീറോമലബാർ വിഷൻ

**സി. എസ്. ടി.**
കോൺഗ്രിഗേഷൻ

## ചെറുപുഷ്പ സഭയുടെ പ്രവിശ്യകൾക്ക് പുതിയ സാരഥികൾ

ആലുവ: ചെറുപുഷ്പ സന്യാസസഭയുടെ (സി എസ് ടി ഫാദേഴ്സ്) ആലുവ സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി ബഹു. ഫാ. ഫ്രാൻസിസ് ചിറ്റിനപ്പിള്ളി തെരഞ്ഞെടുക്കപ്പെട്ടു, കൗൺസിലേഴ്സായി ഫാ. ആന്റണി കണ്ണമ്പിള്ളി, ഫാ. ടോണി ആടുകുഴി, ഫാ. ലിന്റോ തകരപ്പിൽ, ഫാ. അലക്സ് കുമ്പിടിയാമാക്കൽ എന്നിവരും ഓഡിറ്ററായി ഫാദർ ജോബി ചുള്ളിയും തെരഞ്ഞെടുക്കപ്പെട്ടു.

കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി ബഹു. ഫാ. ജോബി ഇടമുറിയിൽ തെരഞ്ഞെടുക്കപ്പെട്ടു. പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് ആയി ഫാ. ജോസഫ് ചാത്തനാട്ട്, ഫാ. ബിനു പയ്യമ്പിള്ളിൽ, ഫാ. ബോബി പുള്ളോലിക്കൽ, ഫാ. ബിജു കൊല്ലക്കൊമ്പിൽ എന്നിവരും പ്രൊവിൻഷ്യൽ ഓഡിറ്ററായി ഫാ. ജിന്റോ കോയിക്കകുന്നേലും തിരഞ്ഞെടുക്കപ്പെട്ടു.

പഞ്ചാബ്-രാജസ്ഥാൻ ക്രിസ്തുജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി ബഹു. ഫാ. സാജു കൂത്തോടിപുത്തൻപുരയിൽ തെരഞ്ഞെടുക്കപ്പെട്ടു. പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് ആയി ഫാ.വിൻസെന്റ് ചിറ്റിനപ്പള്ളി, ഫാ. ജോബി പാലാങ്കര, ഫാ. സൽജ് പുരവളപ്പിൽ ഫാ. ഷിജോ പാലക്കുഴ എന്നിവരും പ്രൊവിൻഷ്യൽ ഓഡിറ്ററായി ഫാ. ജിജോ പറോക്കാരനും തിരഞ്ഞെടുക്കപ്പെട്ടു.

ഗോരഖ്പൂർ- നേപ്പാൾ ലിറ്റിൽ ഫ്ളവർ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി ബഹു. ഫാ. സാബു കണ്ടംകെട്ടിയിൽ തെരഞ്ഞെടുക്കപ്പെട്ടു. പ്രൊവിൻഷ്യൽ കൗൺസിലേഴ്സായി ഫാ. ജോർജ്ജ് പനച്ചിക്കൽകരോട്ട്, ഫാ. റോബി കിഴക്കുംകര, ഫാ. ജൂബിഷ് അഴിയത്ത്, ഫാ. ബെന്നി പോൾ തേക്കുംകാട്ടിൽ എന്നിവരും പ്രൊവിൻഷ്യൽ ഓഡിറ്ററായി ഫാ. ഫ്രാൻസിസ് കിളി വള്ളിക്കലും തെരഞ്ഞെടുക്കപ്പെട്ടു.

**DEEN BANDHU SAMAJ**
CONGREGATION

## Home Mission Program in Jagdalpur



Jagdalpur: Deen Bandhu Sisters conducted the Home Mission program in the month of February and March in two parishes of the Eparchy of Jagdalpur in Bastar, where most of the people are newly baptized Catholics. They spent five days in each parish and visited every house, gave counselling, prepared them for a good confession, and brought them to the church. The Home Mission program was concluded by Mar Joseph Kollamparampil CMI, the Bishop of the Eparchy of Jagdalpur.

**വിൻസെൻഷ്യൻ**
കോൺഗ്രിഗേഷൻ

## New Superior General and General Administrative team for Vincentian Congregation

Kochi: Rev. Dr. John Kandathinkara VC has been elected the Superior General of Vincentian Congregation by the 30th General Synaxis of the Congregation held at Edappally, Kerala, India on 14 April 2021. He hails from Kuniji in the Eparchy of Kothamangalam. He belongs to the St. Thomas Province of Vincentian Congregation. He has a doctorate in counselling from Baltimore Loyola University, America. The following priests are also elected to the new General Administrative team: Fr. Tony Chakkungal (Asst. Superior General), Fr. Augustine Mundackatt (General Councillor), Fr. Thomas Mangalathu (General Councillor) and Fr. George Elenjickalputhenpura (General Councillor).



**Book Release**



History is who we are and why we are, the way we are. The book "Roots to Fruits" is the history of the Vincentian Congregation was released by His Beatitude Mar George Cardinal Alencherry at Vincentian Generalate, Edappally on April 14, 2021.

**ASMI**
CONGREGATION

## ജൂബിലി ആഘോഷിച്ചു



ചേർത്തല: അസ്സീസി സെന്റ് ഫ്രാൻസിസ് ജനറലേറ്റിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ 2021 ഏപ്രിൽ പതിനേഴാം തീയതി ASMI സന്യാസ സമൂഹത്തിന്റെ മദർ ജനറൽ സിസ്റ്റർ സെലസ്റ്റിൻ ഫ്രാൻസിസ് ഉൾപ്പെടെ 7 സിസ്റ്റേഴ്സ് സുവർണജൂബിലിയും 19 സിസ്റ്റേഴ്സ് രജത ജൂബിലിയും ആഘോഷിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ആഘോഷങ്ങൾ ക്രമീകരിച്ചത്. അഭിവന്ദ്യ പിതാവ് തന്റെ അനുഗ്രഹ പ്രഭാഷണത്തിൽ ASMI സന്യാസസഭയുടെ ശുശ്രൂഷകളെ ഏറെ അഭിനന്ദിക്കുകയും ജൂബിലേറിയൻസിന് ആശംസകൾ അറിയിക്കുകയും ചെയ്തു.

**CPS**
CONGREGATION

## ബരാരു വില്ലേജിൽ നിന്ന് പ്രേഷിതാരാം സിസ്റ്റേഴ്സ്

സാഗർ: സാഗർ രൂപതയിലെ ബരാരു വില്ലേജിലെ കിടപ്പു രോഗികളും ശാരീരിക വൈകല്യം ഉള്ളവരുമായവരുടെ ഭവനങ്ങളിൽ ചെന്ന് അവർക്ക് ഫിസിയോതെറാപ്പി മുതലായ ശുശ്രൂഷകൾ നൽകുകയും അതിനായി അവരെ പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ കൊറോണയെ എങ്ങനെ ചെറുക്കാം എന്നതിനെ കുറിച്ചു ബോധവൽക്കരണം നൽകുകയും മാസ്കുകളും സാനിറ്റയിസറുകളും വിതരണം ചെയ്യുകയും ചെയ്തു.





**SH**
CONGREGATION

## ഗോൾഡൻ, സിൽവർ ജൂബിലി ആഘോഷം 2021



കോതമംഗലം: കോതമംഗലം എസ്.എച്ച് ജ്യോതി പ്രോവിൻസ്, 1971, 1996 ബാച്ച് സിസ്റ്റേഴ്സിന്റെ ഗോൾഡൻ, സിൽവർ ജൂബിലി ആഘോഷിച്ചു. കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ലളിതമായി പ്രോവിൻസിന്റെ പ്രാർത്ഥന ഭവനമായ നേര്യമംഗലം ജീവൻധാര പ്രയർഹൗസിൽ വച്ചു നടത്തി. മാതൃ പ്രോവിൻസ് എന്ന നിലയിൽ ഇടുക്കി നവജ്യോതി പ്രോവിൻസിലെ ജൂബിലി അംഗങ്ങളും ഈ ആഘോഷങ്ങളിൽ പങ്കുചേർന്നു. 6 ദിവസത്തെ പ്രാർത്ഥനാ ദിനങ്ങളോടെ ആരംഭിച്ച ഈ ആഘോഷത്തിൽ 17 ഗോൾഡൻ ജൂബിലേറിയൻസും 14 സിൽവർ ജൂബിലേറിയൻസും സംബന്ധിച്ചു. 2021 ഏപ്രിൽ 17–ാം തിയതി രാവിലെ 10.30 ന് ആരംഭിച്ച കൃതജ്ഞതയുടെ തിരുബലിക്ക് കോതമംഗലം രൂപതാ എമിരറ്റസ് ബിഷപ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നേതൃത്വം വഹിച്ചു.

**LSDP**
CONGREGATION

## 'സ്വർഗ്ഗത്തിന്റെ കരഘോഷം', പ്രകാശനം ചെയ്തു



കുന്നന്താനം: ദൈവപരിപാലനയുടെ ചെറിയ ദാസികൾ എന്ന സന്ന്യാസ സമൂഹത്തിന്റെ സ്ഥാപക സി. ഡോ. മേരി ലിറ്റിയെക്കുറിച്ച് LSDP സന്ന്യാസിനിമാർ തയ്യാറാക്കിയ 'സ്വർഗ്ഗത്തിന്റെ കരഘോഷം' എന്ന പുസ്തകം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് പ്രകാശനം ചെയ്യുന്നു.



ദൈവപരിപാലനയുടെ ചെറിയ ദാസികൾ എന്ന സന്യാസസമൂഹത്തിൽ സന്യാസ സമർപ്പണത്തിന്റെ രജത ജൂബിലി ആഘോഷിച്ച 11 സന്ന്യാസിനിമാർ അഭി. മാർ ജോർജ് രാജേന്ദ്രൻ പിതാവിനോടൊപ്പം.

എം.എസ്.ജെ.
കോൺഗ്രിഗേഷൻ

## രജതജൂബിലി ആഘോഷിച്ചു



കോതമംഗലം: ദൈവദാസൻ മോൺ. ജോസഫ് പഞ്ഞിക്കാരൻ അച്ചനാൽ സ്ഥാപിതമായ എം.എസ്.ജെ സന്യാസിനി സമൂഹത്തിലെ 11 സഹോദരിമാർ തങ്ങളുടെ സന്യാസസമർപ്പണത്തിന്റെയും സ്നേഹശുശ്രൂഷയുടെയും രജതജൂബിലി ആഘോഷിച്ചു. എം. എസ്. ജെ സഭയുടെ ജനറലേറ്റിൽ വച്ചു നടന്ന കൃതജ്ഞതാബലിക്ക് അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.



FCC
CONGREGATION

## കോവിഡ് കാലത്ത് സഹായഹസ്തവുമായി എഫ് സി സി സിസ്റ്റേഴ്സ്

താമരശ്ശേരി: കോവിഡ് കാലത്ത് കരുണയുടെ മുഖമാകാൻ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിലെ സന്യാസിനിമാർ. കോവിഡ് പ്രതിസന്ധിയിൽ തളർന്ന മനുഷ്യമനസ്സുകൾക്ക് കരുത്തുപകരാൻ ഓൺലൈൻ കൗൺസിലിംഗ് സൗകര്യമൊരുക്കി നരിനട സോഷ്യൽ സെന്റർ. കുട്ടികൾക്കും മുതിർന്നവർക്കും ഇവിടെ കൗൺസിലിംഗ്



സൗകര്യമുണ്ട്. മെഡിക്കൽ കോളേജിലെ രണ്ടു കോവിഡ് വാർഡുകൾക്ക് ആവശ്യമായ ചൂടുവെള്ളം ലഭ്യമാക്കാൻ കെറ്റിലുകൾ നൽകി. കുതിരവട്ടം മാനസിക ആരോഗ്യ കേന്ദ്രത്തിലെ രോഗികൾക്കായി നൂറ്റമ്പതോളം പായകളും ഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ പാത്രങ്ങളും ഗ്ലാസ്സുകളും വിതരണം ചെയ്യുകയും ചെയ്തു. കോവിഡ് പ്രതിസന്ധി മൂലം തൊഴിൽ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ആയിരം രൂപയുടെ സാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. ചികിത്സാസഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകി. ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകി. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന് ലാപ്ടോപ്, സ്മാർട്ട് ഫോൺ എന്നിവ വിതരണം ചെയ്തു. കോവിഡ് പ്രതിരോധത്തിനുള്ള 10000 ഫേസ് മാസ്ക്കുകൾ റാണി മരിയ സോഷ്യൽ സെന്ററിൽ നിർമ്മിച്ചു പോലീസ് സ്റ്റേഷനുകൾ, ഇടവകകൾ, സംഘടനകൾ എന്നിവിടങ്ങളിൽ നൽകി.

MMB BROTHERS
CONGREGATION

## ബ്രദർ ബാസ്റ്റിൻ കാരുവേലിൽ സുപ്പീരിയർ ജനറൽ



തൃശൂർ: മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി ബ്രദർ ബാസ്റ്റിൻ കാരുവേലിൽ തിരഞ്ഞെടുക്കപ്പെട്ടു. മരത്താക്കരയിലെ എം.എം.ബി. ജനറലേറ്റിൽ കൂടിയ ജനറൽ സിനാക് സിസിൽ വച്ചാണ് തിരഞ്ഞെടുപ്പ് നടന്നത്. സാഗർ രൂപതയിൽപെട്ട ഗഞ്ച് ബസോദയിലെ സെന്റ് ജോസഫ് സീനിയർ സെക്കൻഡറി സ്കൂളിന്റെ മാനേജരായി പ്രവർത്തിച്ച് വരികയായിരുന്നു. തൊമ്മൻകുത്ത് മണ്ണുക്കാട് കാരുവേലിൽ കുടുംബാംഗമാണ് ബ്രദർ ബാസ്റ്റിൻ. കഴിഞ്ഞ രണ്ടര പതിറ്റാണ്ടിലേറെയായി ഉത്തരേന്ത്യയിൽ മിഷനറിയായ ഇദ്ദേഹം പ്രൊവിൻഷ്യൽ സുപ്പീരിയർ, ജനറൽ കൗൺസിലർ, വികാർ പ്രൊവിൻഷ്യൽ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബ്രദർ എഡ്വിൻ കുറ്റിക്കൽ വികർ ജനറലായും ബ്രദേഴ്സ് പൗലോസ് അരുമ്പൂപറമ്പിൽ, സാവിയോ ഒലക്കേങ്കിൽ, ദേവരാജ് പ്ലാക്കയിൽ എന്നിവർ ജനറൽ കൗൺസിലേഴ്സായും തിരഞ്ഞെടുക്കപ്പെട്ടു.

### ബ്രദർ ജോസ് ചുങ്കത്ത് പ്രൊവിൻഷ്യൽ സുപ്പീരിയർ



മരിയാപുരം: മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ തൃശൂർ സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയറായി ബ്രദർ ജോസ് ചുങ്കത്ത് തിരഞ്ഞെടുക്കപ്പെട്ടു. പ്രോവിൻഷ്യൽ സുപ്പീരിയർ, ജനറൽ കൗൺസിലർ, പ്രോവിൻഷ്യൽ കൗൺസിലർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം തൃശൂർ മണലൂരിലെ സാൻ ജോസ് ആശ്രമത്തിന്റെ സുപ്പീരിയറായി പ്രവർത്തിച്ച് വരികയായിരുന്നു. മരിയാപുരത്തെ സെന്റ് തോമസ് പ്രോവിൻഷ്യൽ ഹൗസിൽ കൂടിയ പ്രൊവിൻഷ്യൽ സിനാക്സിസാണ് അദ്ദേഹത്തെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുത്തത്. ബ്രദർ ജിയോ പാലക്കുഴി വികാർ പ്രോവിൻഷ്യലായും ബ്രദേഴ്സ് പോളി തൃശൂർക്കാരൻ, ഗിൽബർട്ട് ഇടശ്ശേരി, സാബു തെന്നിപ്ലാക്കൽ എന്നിവർ കൗൺസിലേഴ്സായും തിരഞ്ഞെടുക്കപ്പെട്ടു.

SNDS
CONGREGATION

## രജതജൂബിലി ആഘോഷിച്ചു

തൃശ്ശൂർ: 14 നിർമ്മലദാസി സിസ്റ്റേഴ്സിന്റെ രജത ജൂബിലി ആഘോഷം 2021 മാർച്ച് 13ന് മുളയം സെന്റ് പാട്രിക് ദേവാലയത്തിൽ വച്ച് നടന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരു



കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. വെല്ലുവിളികൾ നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ തങ്ങളുടെ ജീവിത മാതൃകവഴി സമർപ്പിതർ യേശുവിനെ ലോകത്തിന് പ്രദാനം ചെയ്യേണ്ടവർ ആണെന്ന് തന്റെ വചന സന്ദേശത്തിലൂടെ പിതാവ് വ്യക്തമാക്കി. ബഹുമാനപ്പെട്ട വൈദീകരും വിവിധ ഭവനങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സും കുടുംബാംഗങ്ങളും പങ്കെടുത്തു.

SISTERS OF
KRISTU DASIS

## Home of Love: A Home for Destitute

Calicut: Home of Love is a residential home for the aged, the infirm, destitute men and women of the society irrespective of caste and creed established in 2005 at Calicut. Home of Love is the realization of the dream of Archbishop Emeritus Mar Jacob Thoomkuzhy, the founder father of the Society of Kristu Dasis. In order to alleviate the pain of neglected people by their dear and near ones, he himself designed this beautiful home that provides the inmates with the facilities of a home for the homeless.

In the course of 15 years, 638 inmates were admitted at Home of Love. Some inmates were sent home after we found out about their family members. 277 inmates have gone for their eternal rest





after receiving the care and affection of the sisters. At present, there are 90 inmates. The criteria for admission is that the person should be aged, destitute or disabled and must come with a recognition letter from the local government authorities as a Police officer, Superintendent of Medical College, or Affidavit from the Notary Public. Ten sisters are at the service of the inmates and they take care of the inmates as their own parents and siblings. They are given opportunities to interact with people from different walks of life. Students from different schools and colleges, Parish members from various clubs, resident associations, and members of various charitable trusts visit them and arrange entertainments and food for the inmates.

CST BROTHERS
CONGREGATION

## സി.എസ്.റ്റി. ബ്രദേഴ്സ് സഭയ്ക്ക് പുതിയ ഭരണസമിതി

2021 മാർച്ച് 14 മുതൽ 19 വരെ സഭയുടെ അങ്കമാലിയിലുള്ള ജനറലേറ്റിൽ കൂടിയ സഭയുടെ 16മത് ജനറൽ സിനാക്സിസിൽ വച്ച് സഭയുടെ പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. സുപ്പീരിയർ ജനറാളായി റവ. ബ്രദർ വർഗീസ് മഞ്ഞളി, അസിസ്റ്റന്റ് ജനറാളായി റവ. ബ്രദർ തോമസ് കരോട്ടുകടവിൽ, ഓഡിറ്റർ ജനറാളായി ബ്രദർ സൈമൺ ചേരാമല്ലൂക്കാരൻ, കൗൺസിലേഴ്സായി ബ്രദർ വർക്കി പൊന്നാക്കുഴി, ബ്രദർ സജി കളമ്പുകാട്ട് എന്നിവരും ഫിനാൻസ് ഓഫീസറായി ബ്രദർ ജോർജ് പാട്ടശ്ശേരി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

എറണാകുളം അങ്കമാലി അതിരൂപതയുടെ മെത്രാപോലീത്തയായിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവ് 1931 മാർച്ച് 19ാം തീയതി വി. കൊച്ചുത്രേസ്യായുടെ നാമത്തിലാണ് സി.എസ്.റ്റി. ബ്രദേഴ്സ് സഭ സ്ഥാപിച്ചത്. തങ്ങൾ അനുഭവിക്കുന്ന ഈശോയുടെ കരുണാദ്രസ്നേഹം, പാവപ്പെട്ടവരും ആലംബഹീനരും പ്രത്യേകമായി ബാലികാബാലന്മാരും യുവജനങ്ങളുമായി പങ്കുവെയ്ക്കുകയാണ് സി.എസ്.റ്റി. സഭ ലക്ഷ്യമിടുന്നത്. അവികസിത പ്രദേശങ്ങളിൽ ബാലമന്ദിരങ്ങൾ, വിദ്യാലയങ്ങൾ,



മുദ്രണാലയങ്ങൾ, സാങ്കേതികവിദ്യാകേന്ദ്രങ്ങൾ, തൊഴിൽശാലകൾ, കൃഷിവികസനസംരംഭങ്ങൾ, ആതുരാലയങ്ങൾ, ആശുപത്രകൾ എന്നിവയിലൂടെ കുട്ടികളുടെയും യുവജനങ്ങളുടെയും ശാരീരികവും മാനസികവും ആദ്ധ്യാത്മികവും തൊഴിൽപരവുമായ ഉന്നതിയ്ക്കുപകരിക്കുന്ന വികസനപ്രവർത്തനങ്ങളാണ് സഭയുടെ പ്രധാന പ്രേഷിതപ്രവർത്തനമേഖല. സി.എസ്.റ്റി. സഭാംഗങ്ങൾ കേരളത്തിനകത്തും പുറത്തുമായി വിവിധ രൂപതകളിൽ രൂപതാധ്യക്ഷന്മാരുടെ നിർദേശങ്ങൾക്കു വിധേയരായി പ്രേഷിത പ്രവർത്തനങ്ങൾ നടത്തി വരുന്നു.

# കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് നാമഹേതുക – ജന്മദിനാശംസകൾ






സീറോമലബാർ സഭയുടെ തലവനും, കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അമരക്കാരനും കേരള ഇന്റർ ചർച്ച് കൗൺസിൽ ചെയർമാനും പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലും വിശ്വാസ തിരുസംഘത്തിലും സഭൈക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിലും അംഗംവുമായ വലിയ ഇടയന് തിരുനാൾ-ജന്മദിനാശംസകളോടെ സീറോ മലബാർസഭാ മക്കൾ. അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിന്റെ ജന്മദിനം ഏപ്രിൽ 19 നും നാമഹേതുക തിരുനാൾ ഏപ്രിൽ 24 നുമായിരുന്നു.

വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമം സ്വീകരിച്ച്, വിശുദ്ധന്റെ വിശ്വാസതീക്ഷണതയും സ്വയം ത്യാഗവും ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന വലിയ ഇടയൻ. സീറോമലബാർ സഭയെ ആഗോളതലത്തിൽ, സഭാ സംവിധാനങ്ങളുടെ രൂപീകരണത്തിലൂടെ വളർത്തിയ നല്ലിടയൻ. ലാളിത്യത്തിന്റെയും വ്യക്തിബന്ധങ്ങളിലെ ഊഷ്മളതകളുടെയും അനുകരണീയ മാതൃക. നാനാജാതിമതസ്ഥരായ എല്ലാ മനുഷ്യരെയും ഹൃദയത്തിൽ കൊണ്ടുനടക്കുന്ന മനുഷ്യസ്നേഹി. വേദനിക്കുന്നവരുടെയും കഷ്ടതകളിൽ ആയിരിക്കുന്നവരുടെയും ആശ്രയ സങ്കേതം. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് സഭ ജീവിതശൈലിയിൽ ആവശ്യമായ മാറ്റം ഉണർത്തിക്കുന്ന പ്രവാചകശബ്ദം. വേദനകളുടെ തീച്ചൂളയിൽ ആയിരിക്കുമ്പോഴും പരിഭവമില്ലാതെ എല്ലാം സ്വീകരിക്കുന്ന സഹന ദാസൻ. എല്ലാം നന്മയ്ക്കായി പരിണമിക്കുമെന്ന അടിയുറച്ച വിശ്വാസത്തിൽ, അനുദിന ജീവിതയാഥാർത്ഥ്യങ്ങളെ സ്വീകരിക്കുന്ന ശുഭാപ്തി വിശ്വാസത്തിന്റെ ആൾരൂപം. എഴുപത്തിയാറാം വയസ്സിലും ദൈവമഹത്വത്തിനും സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുമായി കഠിനാധ്വാനം ചെയ്യുന്ന കർമ്മയോഗി.

**അഭിവന്ദ്യ പിതാവിന് ജന്മദിനത്തിന്റെയും നാമഹേതുകതിരുനാളിന്റെയും മംഗളങ്ങൾ!**





# PATHWAYS TO OET SUCCESS

## The Complete Guide For OET

NEW UPDATED 2021 EDITION




### A Self-Study Guide to attain A or B grade

- The book is concentrating on OET candidates – NURSES.
- It gives an extensive guidance on all modules in an authoritative way and in which the materials keep.
- The sample materials given are highly effective;so that even the beginners can jump over to the required grade ie, A or B ; and which envisages an insight into the test with a result oriented magical touch.
- To ensure success the candidate can practice the sample materials and make confidence.
- All modules are covered. Listening audios can access through website.
- Writing and speaking corrections are done through Email.
- Free Assistance for 1 month.
- Live chat support
- Team of expert guidance.
- New test taking strategies and tips.
- Answer Keys are accessible.

**Available at:** www.pathwaysguides.com
Also available at Amazon & Flipkart

For booking contact : **7736995472** | Email: info@pathwaysguides.com



Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.